പത്തിയൂരെ സ്ലൂയിസ് ശരിപ്പെടുത്തിയിരുന്നുവെങ്കിൽ ഇപ്രകാരമുള്ള നഷ്ടം ആ സ്ഥലങ്ങളിൽ സംഭവിക്കുകയില്ലായിരുന്നു. എന്നാൽ ഈ വർഷവും സ്ലൂയിസ് ശരിപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇനി റോഡുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ അടൂർ—പുനലൂർ, കായംകുളം—അടൂർ ഈ റോഡുകൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. എന്നാൽ ഈ റോഡുകളിലെ അററകുററപ്പണികൾ ശരിയായി നിർവഹിക്കപ്പെടുന്നില്ല. മാവേലിക്കര, കുന്നത്തൂർ ഈ താലൂക്കുകൾ ദൈനംദിനം പ്രാധാന്യം കൂടിവരുന്നവകളാണ്. മാവേലിക്കരയിൽ ഇപ്പോൾ ഒരു ഡിസ്ട്രിക്ട് കോടതി സ്ഥാപിച്ചിട്ടുണ്ട്. കച്ചേരിയിലും മററും പോകുന്ന അനവധിയാളുകൾക്ക് ഗതാഗതത്തിനായിട്ടുള്ള തോടുകളും, റോഡുകളും ഭംഗിയായി സംരക്ഷിക്കാതിരുന്നാൽ ജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ അനവധിയാണ്. ആ വിഷയത്തിൽ ഈ ഡിപ്പാർട്ടുമെൻറ് ശ്രദ്ധിച്ചുകാണുന്നില്ല. ഊളൻപാറ സ്ഥാപിച്ചിരിക്കുന്ന കുഷ്ഠരോഗാശുപത്രി ഇപ്പോൾ തുറനാട്ടാണ് സ്ഥാപിച്ചിരിക്കുന്നത്. ആ സ്ഥലവും പരിസരങ്ങളും പ്രത്യേകം സൂക്ഷിക്കാതിരുന്നാൽ പകർച്ച രോഗങ്ങൾ ഉണ്ടാകാൻ എളുപ്പമുണ്ട്. അടുത്തതായി എനിക്കു പറയുവാനുള്ളത് കോട്ടയത്തെ സംബന്ധിച്ചാണ്. കോട്ടയം തിരുവിതാംകൂറിൻെറ വടക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ഏററവും പ്രധാനപ്പെട്ട ഒരു പട്ടണമാണ്. ഈ പട്ടണത്തിൽ കുടിക്കുന്നതിനു വെള്ളമില്ലാത്ത സങ്കടം വളരെ അധികമാണ്. മകരമാസം മുതൽ ഇടവമാസം വർഷം തുടങ്ങുന്നതുവരെ ആ പ്രദേശത്തുള്ള ധനവാന്മാർപോലും വളരെ ദൂരത്തുനിന്നും ഉപ്പുവെള്ളം വീട്ടുകളിൽ കൊണ്ടുവന്നു ഉപയോഗിച്ചുവരുന്നു. ഈ പട്ടണത്തിൽ വാട്ടർവർക്സ് നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ നടത്താത്തതെന്താണ്?

ചീഫ് എൻജിനീയർ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചിരുന്നുവെങ്കിൽ ഇപ്രകാരം വരുകയില്ലായിരുന്നു. ഈ കാര്യത്തെസംബന്ധിച്ച് അദ്ദേഹം ശ്രദ്ധിക്കേണ്ടതാണ്. ഇറിഗേഷൻസംബന്ധമായ കാര്യങ്ങളിൽ പ്രത്യേകിച്ച് സാമ്പത്തികാധഃപതനവും നമ്മുടെ ആഹാരത്തിനുള്ള നെല്ല് അരി മുതലായവ കിട്ടാൻതടസ്സവും നേരിട്ടിരിക്കുന്ന ഈ അവസരത്തിൽ പി. ഡബ്ളിയു. ഡി. മാത്രമല്ല തിരുവിതാംകൂറിലെ എല്ലാ പ്രധാന ഡിപ്പാർട്ടുമെൻറുകളുടേയും പ്രത്യേക ശ്രദ്ധ പതിയേണ്ടതു് ഡ്രെയിനേജിലാണ്. ഈ അവസരത്തിൽ ഇറിഗേഷൻ ഒരു പ്രത്യേക വകുപ്പാക്കി ഒരു എൻജിനീയരെ പ്രത്യേകമായി നിയമിച്ച് കൃഷികാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയാണെങ്കി

[Mr. K. Kunju Panicker,]

ൽ കൂടുതൽ ഐശ്വര്യം ഈ നാട്ടിനുണ്ടാകും. അതിനു കൃത്യവിലോപംകാണിച്ചാൽ സാധുജനങ്ങൾക്ക് സങ്കടം നേരിടും. ഇറിഗേഷനു ഒരു പ്രത്യേക എൻജിനീയരെ വയ്ക്കുന്ന സംഗതി ചീഫ് എൻജിനീയർ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. നാനാവിധമായ കാര്യങ്ങൾ ആലോചിക്കുമ്പോൾ ചീഫ് എഞ്ജിനീയർ തൻെറ നാട്ടിനു ആവശ്യമുള്ള സഞ്ചാരങ്ങൾ ചെയ്തു പി. ഡബ്ലിയു. ഡി. സംബന്ധമായും ഇറിഗേഷൻസംബന്ധമായും വേണ്ടതു ചെയ്തിട്ടുള്ളതായി കാണാത്തതുകൊണ്ടു എൻെറ മാന്യസ്നേഹിതൻ ഹാജരാക്കിയതായ ഉപക്ഷേപത്തെ എല്ലാവരും അനുകൂലിച്ച് പാസാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. M. R. NARAYANA PILLAI: Sir, this is a matter which should receive the attention of the house in all seriousness. Year after year we make provision for certain urgent works according to the recommendation of the P. W. D. Advisory Committee. Due to want of time or due to want of proper travelling or other causes, the Chief Engineer allows much of the provision to lapse. In 1115, I brought to the notice of the Chief Engineer and the Government the fact that a portion of the road from Thiruvella to Mavelikara is always giving a great deal of trouble to the vehicles plying on the road and to the pedestrians. In 1115, the promise was made that it will be attended to; in 1116 it was repeated; and this year when the Chief Engineer was reminded he said that the Executive Engineer, Kottayam, has been specially instructed to see to this. This has been reiterated three times by him, but the position remains the same.

The same is the case with regard to the Prayikara bridge. Funds were sanctioned for it long ago but the bridge has not yet been completed—not even begun. There are various other works in which though provision has been made the Department has not attempted execution.

MR. P. NARAYANA PILLAI: Was there any provision for the Prayikara bridge after 1115.

MR. M. R. NARAYANA PILLAI: I am not quite sure. The Chief Engineer will be able to answer.

MR. PULIYOOR T. P. VELAYUDHAN PILLAI: Is there not a provision of Rs. 12,000 for the construction of the Kollakadavu bridge?

MR. M. R. NARAYANA PILLAI: Yes.

MR. PULIYOOR T. P. VELAYUDHAN PILLAI: Has any work been done there?

MR. M. R. NARAYANA PILLAI: None, so far as I know.

Therefore, I should urge upon the House the dire necessity of seeing that the Chief Engineer is directed that all works that are provided for in the Budget are executed and completed within the period mentioned. I strongly support the motion.

MR. T. C. KESAVA PILLAI: സർ, ഇറിഗേഷൻ സംഗതികളെ സംബന്ധിച്ച് ദൈവികമായ ഒരു കുറവു വന്നിട്ടുള്ളതു് ചെങ്കോട്ട, കൽക്കുളം വിളവംകോട്ട് ഈ താലൂക്കുകളിലാണ്. ഈ താലൂക്കുകൾക്ക് കൃഷിക്കാവശ്യമായ ഇറിഗേഷൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് വളരെ കാലങ്ങൾക്കുമുൻപുതന്നെ അപേക്ഷകൾ ഉണ്ടായിരുന്നു. ഇവിടത്തെ മഹാരാജാക്കന്മാർ തന്നെ തെക്കൻഡിവിഷനിലെ പേഷ്കാരോടു ആദ്യമായി ചോദിക്കുന്നതു് നട്ടാലംപകുതിയിലെ വിളവെങ്ങനെയാണെന്നാണ്. നട്ടാലം പകുതിയിൽ നല്ല വിളവുണ്ടായാൽ നാട്ടിൽ ഐശ്വര്യമുണ്ടാകുമെന്നാണ് വിശ്വാസം. കോതയാറണയുടെ tail end സമീപമുള്ള പല സ്ഥലങ്ങളിലും ശരിയായ അററകുററപ്പണികൾ ചെയ്തിട്ടില്ല. അതു നിമിത്തം അതിൽനിന്നു പുറപ്പെടുന്ന ചാനലിലെ വെള്ളം മഴക്കാലങ്ങളിലും മററും ഊടെയൊടുകൂടി ഒഴുകി സമുദ്രത്തിൽചെന്നു വീഴുന്നു. ഇപ്രകാരമുള്ള ചാനൽവെള്ളത്തെ ചെറിയ ചാനൽവഴി ചെറുത്താൽ വെള്ളം സാവധാനത്തിൽ ഒഴുകിപ്പോകുകയും കിള്ളിയൂർ നട്ടാലം എന്നീ സ്ഥലങ്ങളിൽ കൃഷിക്കു് സൗകര്യപ്പെടുകയും ചെയ്യും. കവിയല്ലൂർ എക്സ്റെറൻഷൻ ശരിപ്പെടുത്തിക്കിട്ടണമെന്നു ഞാൻ ഒരിക്കൽ ആവശ്യപ്പെട്ടു. എന്നാൽ ഇവിടെ സാധാരണ കണ്ടുവരാറുള്ള പതിവു് ഒരു മെംബർ എന്തെങ്കിലും ചെയ്തുതരണമെന്നു ആവശ്യപ്പെട്ടാൽ അതു നടക്കരുതെന്നു ഉദ്ദേശത്തോടുകൂടി മററു മെംബറന്മാർ അതിനെ എതിർക്കുകയാണ് ചെയ്യുന്നതു്. ഞാൻ ഒരവസരത്തിൽ മരുതംപാറ കാണിപ്പററു എന്ന സ്ഥലത്തു കൃഷിക്കു സൗകര്യമായവിധം വേണ്ടതു ചെയ്തുകൊടുക്കണമെന്നും അവിടെ അധിവസിക്കുന്ന ആളുകൾ വെറും സാധുക്കളാണെന്നും പറഞ്ഞു. തുപ്പരപ്പിൽനിന്നും വെള്ളം ചാനൽവഴി കൃഷിക്കു ഉപയോഗപ്പെടുത്താൻ ഗവൺമെൻറു അനുവദിച്ചിട്ടുണ്ടു. ആയതു ഉടൻ നടപ്പിൽ വരുത്തണം. എൻെറ നിയോജകമണ്ഡലത്തിലേക്ക് ആവശ്യമുള്ള എന്തെങ്കിലും സംഗതികൾ ചെയ്തുതരണമെന്നു ഈ സഭ മുൻപാകെ ഞാൻ ആവശ്യപ്പെട്ടാൽ അതിനു നിവൃത്തിമാർഗ്ഗം ഉണ്ടാക്കിത്തരാൻ ഗവൺമെൻറു നിഷ്കർഷിക്കണം. കവിയല്ലൂർ, ലെക്കോട്ട് ഈ സ്ഥലങ്ങളിലെ എക്സ്റെറൻഷൻ ശരിപ്പെടുത്തണം. അതു ശരിപ്പെടുത്തിയാൽ ആ പ്രദേശങ്ങളിൽ നല്ലവണ്ണം കൃഷിചെയ്തു നല്ല വിളവെടുക്കാൻ സാധിക്കും. നെയ്യാററിൻകര താലൂക്കിലുൾപ്പെട്ട അരുവിക്കര എന്ന സ്ഥലത്തു ഒരണ കെട്ടുന്നതിലേക്കു ഒരു എസ്റ്റിമേററു മുൻപു തയ്യാറാക്കിയിട്ടുണ്ടായിരുന്നു. അതു ചെയ്തുതരാമെന്നു ചീഫ് എൻജിനീയർ സമ്മതിച്ചുമിരുന്നു. അതു് അടുത്ത ആണ്ടെങ്കിലും ചെയ്തുതരണമെന്നപേക്ഷിക്കുന്നു. ഇനി എനിക്കു പറ

[Mr. T. C. Kesava Pillai]

യുവാനുള്ളത് റോഡുകളെ സംബന്ധിച്ചാണ്. റോഡുകൾ നന്നാക്കുന്നതിനു ബഡ്ജററിൽ ചെയ്തിട്ടുള്ള തുകകൾ ശരിയായി ചെലവുചെയ്യാതെ നാലും അഞ്ചും കൊല്ലം നീട്ടിവയ്ക്കുന്ന ഒരു സമ്പ്രദായം കാണുന്നുണ്ട്. പുതുക്കട—കൊല്ലംകോട്, കാണിപ്പററ്—മരുതപ്പാറ ഈ റോഡുകളിലെ സ്ഥിതി വളരെ ദയനീയമാണ്. അവയെ കഴിയുന്നതും വേഗത്തിൽ നന്നാക്കണം. ഈ കാണിപ്പററിലും മററും താമസിക്കുന്ന ആളുകൾ വളരെ സാധുക്കളാണ്. അവർ മഹാരാജാവു തിരുമനസ്സിനോടുതന്നെ സങ്കടമുണർത്തിച്ചാൽ അതു ഉടനടി ചെയ്തുകൊടുക്കാൻ കല്പിക്കും. അവർ അത്രത്തോളം മഹാരാജാവു തിരുമനസ്സിനെ മുഖംകാണിക്കുന്നവരാണ്. മഹാരാജാവു തിരുമനസ്സിലെ കല്പന കിട്ടുന്നതിനുമുമ്പുതന്നെ ആ റോഡ് നന്നാക്കിക്കൊടുക്കണമെന്നു ഞാൻ ചീഫ് എഞ്ചിനീയറോടു അപേക്ഷിക്കുന്നു. എനിക്കു അടുത്തതായി പറയുവാനുള്ളത് തോടുകളെ സംബന്ധിച്ചാണ്. തിരുവല്ലത്തുനിന്നും വെള്ളായണിക്കായൽവരെയും അവിടെനിന്നും വെങ്ങാന്നൂർ ഏലാവഴി കരിച്ചൽകൂടി നെയ്യാർ, കഴിത്തുറയാറ് ഇവ കടന്നു കുളച്ചൽവരെ ഒന്നിച്ചു ചേർത്തുകൊണ്ടു ഒരു തോടു-വെട്ടിയാൽ അതു ഗതാഗതത്തിനു വളരെ സൌകര്യമായിരിക്കുമെന്നുള്ളതിനു പുറമേ അതു വളരെ ലാഭവുമാണ്. ബി. ഏ.-വരേയും മററും പഠിച്ചു ഉദ്യോഗം കിട്ടാതെ വിഷമിക്കുന്നവർക്കു മനസ്സുണ്ടെങ്കിൽ വള്ളം ഊന്നിയെങ്കിലും ജീവിക്കാം. ഇതിനു തടസ്സമായിട്ടു നിൽക്കുന്നതു് അഡ്വൈസറി ബോർഡിലെ ചില അംഗങ്ങളാണ്. അവരുടെ ബന്ധുക്കൾ ഈ സ്ഥലങ്ങളുടെ തീരങ്ങളിൽ തെങ്ങുകൾ വച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയാൽ ഈ തെങ്ങുകളെ എടുത്തുകളയേണ്ടിവരുമല്ലോ എന്നു കരുതിയാണ് അതിനുള്ള തുക ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലാത്തതു്.

PRESIDENT: The honourable member will finish soon.

MR. T. C. KESAVA PILLAI: കുളച്ചലിനു പത്തുമൈൽ ദൂരത്തിൽ ചാനലുണ്ട്. അതിനെ ഒരു പത്തടി താഴ്ത്തിയാൽ കുളച്ചൽവരെ ഗതാഗതത്തിനു വളരെ സൌകര്യമാണ്. മണക്കാട്ടുനിന്നും മററും ഉപ്പു വളരെ സഹായത്തിൽ കൊണ്ടുവരാനും സാധിക്കും. കോട്ടാർ പണ്ടകശാലയിലുള്ള സാധനങ്ങൾ കൊച്ചിവരെ കൊണ്ടുപോകാൻ സാധിക്കുന്നതാണ്. ഇതിനെപ്പററിയുള്ള ഒരു അഭിപ്രായം മി. സാംട്ടർ അഡ്വൈസറിബോർഡിൽ കൊണ്ടുവന്നപ്പോൾ ബുദ്ധികേസരികളായ മെംബറന്മാർ അതിനെ കർശനമായി എതിർത്തു. ഉദ്യോഗസ്ഥന്മാരു

നിന്നും കൊണ്ടുവന്ന പ്രമേയത്തെ എതിർത്ത പ്രതിനിധികളാണിവർ. ഈ വിഷയത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധ പതിയണമെന്നപേക്ഷിക്കുന്നു.

MR. A. K. KUMARAN VAIDYAN : സർ, ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ചീഫ് എൻജിനീയരുടെ സഞ്ചാരപ്പടിയിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നാണു ഉപക്ഷേപത്തിൽ ഉദ്ദേശിച്ചിരിക്കുന്നതു്. അദ്ദേഹം എല്ലാ താലൂക്കുകളിലും സഞ്ചരിക്കുന്നില്ല എന്നു ഞാൻ ഇവിടെ പ്രസ്താവിക്കാൻ വിചാരിക്കുന്നില്ല. എന്നാൽ അദ്ദേഹം യാത്രയ്ക്കു് അസൗകര്യമുള്ള ചില സ്ഥലങ്ങളിൽ പോകുന്നില്ല എന്നു മാത്രമാണു് എനിക്കു് പറയുവാനുള്ളതു്. പറവൂർതാലൂക്കുകളിലെ റോഡുകളിൽക്കൂടി അദ്ദേഹം ശരിയായി സഞ്ചരിക്കുന്നുണ്ടോ എന്നു സംശയമാണു്. എൻെറ താലൂക്കിൽ പട്ടിണിത്തോട്ടു് എന്നു ഒരു തോടുണ്ടു്. അതിലേക്കു് ൩൦൦ രൂപാ ചെലവാക്കി ൩൫൦൦ അടിയോളം വെട്ടി ശരിപ്പെടുത്തിയതായി ഗവൺമെൻറുഭാഗത്തുനിന്നും പ്രസ്താവിച്ചു. എന്നാലും ഇപ്പോഴും മഴക്കാലങ്ങളിൽ മാത്രമേ ആ വഴി ഗതാഗതത്തിനു സൗകര്യമുള്ളൂ. ഈ തോടിൻെറ തെക്കുഭാഗത്തു് മൂന്നു പുഴകൾ ഒന്നിച്ചുചേരുന്നതുകൊണ്ടു് അതിൽ മണ്ണു് വീണു നികന്നുപോകുന്നു. എന്നാൽ അതിനു പരിഹാരമായി ഇന്നുവരെയും ഒന്നും ചെയ്തു കാണുന്നില്ല. ൩൦൦ രൂപ ചെലവാക്കി കുറെ സ്ഥലം ശരിപ്പെടുത്തി എന്നു പറഞ്ഞ സ്ഥലത്തു് അത്രയും തുക ചെലവാക്കിയാൽ ആ തോടുമുഴുവൻ വെട്ടിനന്നാക്കുവാൻ സാധിക്കുമായിരുന്നു. പി. ഡബ്ളിയു. ഡി. അഡ്വൈസറിബോർഡുകാർ ആ സ്ഥലം ചെന്നു നോക്കിയിട്ടുണ്ടു്. ഈ തോടുവഴിയായി, ടയറിനും ട്യൂബിനും മററും വിലകൂടിയിരിക്കുന്ന ഇക്കാലത്തു പറവൂർനിന്നും എറണാകുളം, കൊച്ചി ഈ സ്ഥലങ്ങളിൽ പോകുന്ന യാത്രക്കാർക്കു് സഞ്ചരിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ അതു വളരെ സഹായമായിരിക്കും. ചെലവു കുറയുന്നതിനും പുറമേ തൊഴിലില്ലാത്ത സാധുക്കൾക്കു് തൊഴിൽ ലഭിക്കുകയും ചെയ്യും. എൻെറ മാന്യസ്നേഹിതൻ മി. ടി. സി. കേശവപിള്ള അഭ്യസ്തവിദ്യരായ ആളുകൾ വള്ളം ഊന്നുന്നതിനെ സംബന്ധിച്ചു് പറഞ്ഞു. എൻെറ അയൽഭാഗത്തു താമസിക്കുന്ന ഒരുവൻ ഇൻറർ പരീക്ഷയ്ക്കു് രണ്ടു കൊല്ലം വായിച്ചു. രണ്ടുകൊല്ലവും പരീക്ഷയിൽ തോററുപോയി. ഇപ്പോൾ അയാൾ വള്ളം ഊന്നലും മരം അറുക്കുന്നതുമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നുവെന്നുള്ള പരമാർത്ഥം തിരുവിതാംകൂർ യൂണിവേഴ്സിററിയുടെ ബഹുമാനത്തിനു് യാതൊരു കുറവും വരാതെ ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. പറവൂർ—വരാപ്പുഴ റോഡ്

[Mr. A. K. Kumaran Vaidyan.]

വളരെ വൃത്തികേടായിട്ടാണു കിടക്കുന്നതു്. ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർ ഈ റോഡുകളിൽ യാത്ര ചെയ്യുകയാണെങ്കിൽ റോഡിൻെറ ശോചനീയമായ നില മനസ്സിലാകുമായിരുന്നു. ആ റോഡിൽ ഒരു ചങ്ങാടമുണ്ടു്. അതു വളരെ വിഷമമായ നിലയിലാണിരിക്കുന്നതു്. ആ ചങ്ങാടത്തിൽക്കൂടി ബസ്സുകളേയും മററും ധാരാളം കടത്തിക്കൊണ്ടു പോകാറുണ്ടു്. പണം കൊടുത്തു് ബസ്സ് വാങ്ങിച്ചവരാരും ഈ ചങ്ങാടത്തിൽക്കൂടി ബസ്സ് കടത്തിക്കൊണ്ടുപോകുകയില്ല.

MR. KOTTALIL P. ABRAHAM : അഭ്യസ്തവിദ്യനായ ഒരാൾ വള്ളം ഉന്തി കാലക്ഷേപം ചെയ്യുന്നു എന്നു പറഞ്ഞല്ലോ. അയാൾക്കു് അതിൽ ആദായമുണ്ടോ?

MR. A. K. KUMARAN VAIDYAN : അയാൾക്കു് ആദായമുണ്ടു്. പബ്ലിക്ക് സർവീസ് കമ്മീഷണരുടേയും മററു ഉദ്യോഗസ്ഥന്മാരുടെയും പടിവാതുക്കൽ കാത്തുനിന്നാൽ യാതൊരു പ്രയോജനവുമുണ്ടാകയില്ലെന്നു കരുതിയാണു അയാൾ അപ്രകാരമുള്ള തൊഴിൽ സ്വീകരിച്ചതു്.

MR. KANNANTHOTATH JANARDANAN NAIR : ഇപ്രകാരം ഉദ്യോഗസ്ഥന്മാരുടെ പടിവാതുക്കൽ കാത്തു നിൽക്കുന്നതിനെക്കാളും സ്വാതന്ത്ര്യമായി ജോലിചെയ്തു ജീവിക്കുന്നതല്ലേ ഭേദം?

MR. A. K. KUMARAN VAIDYAN : അതാണു ഭേദം.

MR. M. R. NARAYANA PILLAI : മെംബർ പ്രസ്താവിച്ചതായ ചങ്ങാടം എത്ര നാളായി ശോചനീയമായ നിലയിലിരിക്കുന്നു?

MR. A. K. KUMARAN VAIDYAN : മൂന്നു നാലു മാസക്കാലമായി.

റോഡുകളിൽ രണ്ടായിരമോ മൂവായിരമോ അടി ഗ്രാവൽ കൊണ്ടു വന്നിറക്കും. എന്നാൽ അതു മുഴുവൻ റോഡുകളിൽ ഇറക്കുകയില്ല. ആലങ്ങാട്ടു് പകുതിയിൽ പാനായിക്കുളം എന്ന സ്ഥലത്തു് ഒരു തോടു വെട്ടാൻ പണം അനുവദിച്ചിട്ടുണ്ടു്. ഈ സംഖ്യ കഴിഞ്ഞ കൊല്ലം അനുവദിച്ചതാണു്. അതു് ഇതുവരെയും ശരിയാക്കിയിട്ടില്ല. കുറെ സ്ഥലം പൊന്നുംവില കൊടുത്തിരുന്നുവെങ്കിൽ അതു് ഇതിനുമുൻപു് നന്നാക്കാമായിരുന്നു. ചെട്ടിഭാഗത്തുനിന്നു മണ്ണംതുരുത്തിയിലേക്കു ഒരു പാലം വേണമെന്നു മുറവിളി തുടങ്ങിയിട്ടു് വളരെ കാലമായി. അതിനു ഒന്നും ചെയ്തുകാണുന്നില്ല. അതുകൊണ്ടു് ചീഫ് എൻജിനീയർ ഈ വക കാര്യങ്ങളിൽ മേലാൽ വേണ്ടതു പ്രവർത്തിക്കയും പറവൂർ മുനമ്പം റോഡിൻെറ കാര്യത്തിൽ പ്രത്യേകം ദൃഷ്ടിവയ്ക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

The House adjourned for lunch at 1 P. M. and met again at 2 P. M. in the Legislative Chamber with the Deputy President in the Chair.

NEW MEMBER.

The following member took the oath and signed the rolls:—

MR. A. GOPALA MENON (*Director of Public Instruction*):

MR. G. VELU PILLAI It has been a standing complaint on the floor of this House and also outside that many of the works that are budgetted for have not been taken up and are allowed to lapse at the end of the year. It is after presenting several petitions and memorials to the authorities that a work is included in the budget and no disappointment can be greater to the people of a locality when they find that a work which has been included in the budget has been allowed to lapse. This method of allowing the amounts included in the budget to lapse has been steadily on the increase during the last many years. I may say Sir, that the department requires more driving power. One of the reasons advanced by the department for the delay in the execution of the works is that they do not get the estimates sanctioned by Government in time. Another reason is that the Land Revenue authorities do not surrender the required lands in time. These may be reasons which may help the department to allow the amounts to lapse. But I know instances where though the estimates were sanctioned in time and the lands were surrendered the work was not taken up by the department.

MR. I. C. CHACKO: Will the honourable member mention a particular work which he has in view?

MR. G. VELU PILLAI: Yes, I may mention the case of the Karthigapally-Kayamkulam Road. Amounts for the improvement of that road were sanctioned four times if I remember right. It has been sanctioned this year also and I think it is included in the next year's budget. I know that the lands have been surrendered by the ryots. Even then the work has not been taken up. There are very many other instances like this. My suggestion is that the whole department requires a shaking so that it may awaken from the lethargy into which it has fallen.

MR. K. DOMINIC JOSEPH: Sir, the facts underlying the motion have been discussed several times. On the floor of this House in answer to an interpellation it was stated here this morning that out of an allotment of 4 and odd lakhs of Rupees for new works only 2 and odd lakhs were spent up to the end of Edavom this year. Naturally it is evident that a good portion of the allotted amount will be allowed to lapse. As an illustration I take this opportunity to submit a few facts about the Chungam Nattasseri Road near Kottayam. It is only one mile in length. It has been lying unfit for vehicular traffic due to deep ruts and the absence of a cartable bridge over a small thodu. I understand that the question of this road was first taken up into consideration by the present Chief Engineer when he was a Sub-Engineer at Kottayam and allotments for this purpose were included in the budgets for the years 1115 and 1116. But unfortunately nothing has been done in this direction. Then the present condition of

[Mr. K. Dominic Joseph.]

the Nagampadam bridge which is at the entrance to the Kottayam town on the northern side has accentuated the necessity for this road. Due to the unsafe condition of the bridge vehicles coming to the town from the north has to undergo a circuitous journey of over 7 miles via Kodamalloor and Ayimanam. If this small bridge on this Chungam-Nattasseri Road is properly built and maintained there will be a saving of 6 to 7 miles. More over the places north of Nagampadam is populous and there is an English High School and several primary schools and that part is shortly going to be included within the municipal area. If any person residing in the northern side of the town wants the aid of a doctor from the town or has to face any such emergency he has to make a journey of over 7 miles to reach the town. But if the bridge was fit for traffic he will have to go only a mile.

MR. M. R. NARAYANA PILLAI: May I know whether the Chungam bridge is on the road which is seven miles in length?

MR. K. DOMINIC JOSEPH: Yes.

MR. D. C. JOSEPH: Sir, I shall like to support the motion now under discussion in this House. The P. W. Department is the only department which consumes the largest amount of the State's revenue. As such that department is all in all in Travancore. The very existence of the State lies in that department. If we want to have an Assembly Hall of this kind or a proper road or a dispensary we have to depend on this department. Even the Electrical Department or any other in that line will have to depend upon the P. W. Department for its existence. As such that department must engage the earnest attention of Government as well as this august Assembly. Whether that particular department is doing its work properly or not is to be measured by this House. Sir, much has been said about the working of this Department. There might have been some delay here and there but the main point that centres round the attention of the honourable members was the paucity of proper supervision or control. That department is prone to laxity and it is not paying proper attention to its functions is due to the provision of telephones to the officers of this department. They are attending to their duties mostly with the aid of the phones and sitting in their easy chairs. They do not get out of their offices often. Then there is another thing which hampers their work viz. the motor cars provided to them make them only travel without showing the least patience to visit places which lie very near each other. Another thing which I want to stress to the attention of the department is that as they have been charged with the control of the Rest Houses in the State they inspect work spots and localities by sitting in these rest houses in grand manner. I have already stated that the very existence of this State lies in the proper working of this department. The department requires officers who will exercise efficient control and proper supervision The present Chief Engineer I know is a sympathetic officer. Coming to my own place, if the department had done their duty to Nanjinad we would not have to face the acute problem of food at the present moment. Government have expended more than a crore of rupees for the Kodayar

Project. But the condition of the Channels and tank beds is such that no commensurate benefit accrues to the ryots from this project. If these channels were properly maintained at proper occasions I think the total out-put of paddy from Nanjinad would have been much more. Nanjinad is considered to be the granary of Travancore. But because of this laxity on the part of this department the granary is little by little depleted. Proper and effective work is not done, proper maintenance works are not done, the tank beds are not improved, breaches are not closed in proper time. All these show that there is something wrong in the working of this department. If irrigation was well attended to by proper supervision I think rice cultivation would have considerably improved and a lot of trouble would have been averted at this critical hour. About 60,000 acres are cultivated in South Travancore depending solely on the Kodayar Reservoir and the various tank beds. The tax including the water cess paid by the ryots owning these paddy fields is very high. But there is no compensating benefit done to them by this department. I think some serious action is necessary now apart from supervision or control. Now we have two Chief Engineers. I think it is unnecessary. The real necessity is to have an officer who will solely be in charge of irrigation.

DEPUTY PRESIDENT: The question of the administration of the department does not come within the purview of the motion. The attempt on the part of the honourable member must be to show that such and such things could have been done by effective travelling. Such things will not be relevant for a discussion on this motion. I am throwing out the suggestion for the benefit of the members.

MR. D. C. JOSEPH: I want to confine my remarks to the necessity of having efficient control and proper supervision. If these officers were asked to pay particular attention to the general and other matters, I think a very great amount of discontent among the people will be removed. I particularly draw the attention of the House to see that efficient supervision is effected in the Department and satisfactory work turned out. For efficient supervision they may say we have not got sufficient hands. In regard to this matter I do not say anything now. I support the motion before the House.

SADASYATILAKA T. K. VELU PILLAI: I have been at some time to catch the eye of the President because I think it is necessary that I should also support this motion and add weight to it and also place before the House my own tale of lamentation in support of my view. I am thankful to the Chair for the very lucid exposition as to the scope of this motion and I shall try to confine my remarks within that scope. Two days back there was mention made in this House about the undesirable manner in which sums once sanctioned for particular works are surrendered at the end of the year. That is a very unsatisfactory state of affairs and when year after year notwithstanding our efforts to correct these habitual mistakes when we find that no good is done, when we find that the Department and the Government are not alive to the responsibilities, we are bewildered and disheartened, but I propose to pluck up some courage yet and place before the House for the very kind, prompt consideration of Government that the position which

[Sadasyatilaka T. K. Velu Pillai.]

we contend for is one absolutely sustainable and highly important. If Government is pleased to sanction sums for particular works and if, after the time the policy is practically reversed if what is made useless because more is not sanctioned, there will be no meaning in budget discussions. Before I proceed to say anything further let me clear my ground and let me satisfy myself, my own conscience, by the observation that so far as the present personnel is concerned, so far as the present Chief Engineer is concerned, I have absolutely no quarrel. From what I have been able to see from this House, he is trying to give very sympathetic answers and evince a very patriotic sense of duty. I am only attacking the system, the very indiscriminate manner in which for reasons known and unknown, for reasons public or private, open or secret this policy appears to have come to stay in our country. I heard mention made Sir, by my friend Mr. Dominic Joseph that the Nagambadam Bridge is in a very dilapidated condition. As a student of history Sir, I can remember certain days. I have gone to that place several times, over that bridge some twenty or twentyfive years ago. It has been in that condition and every time a car passes over the bridge there is a creepy sensation caused that the bridge might tumble down. And what is Kottayam? Kottayam is the pathway to wealth, Kottayam is the gate way to High Ranges, Kottayam is the place of education of historic and political importance. If this is the treatment accorded to a bridge in Kottayam, I need hardly say what would be the condition of bridges and roads in Thoduputzha or in Nedumangad. I therefore say Sir, that the matter needs very careful investigation. I wish to mention one other reason. Every body knows that lakhs and lakhs of money collected from the people have been spent for making a connection in the Alleppey-Sherthalai canal. I have been to Sherthalai recently and I have seen the miserable condition of the people there. If this canal have been completed people should have been able to get manure from various places and fertilisers and such things. All of us know that Shertalai is regarded as a kind of Sahara where nothing grows. It is also known that carriage by water is very much slower than carriage on land. If after spending lakhs of rupees, after constructing canal to a considerable distance, this whole scheme has been abandoned in favour of other schemes, I say that this Government ought to see that for all the money spent in the Shertalai-Alleppey canal some profit is obtained and the people are placed in a better position. If the officers of the P. W. D. and the Chief Engineer for example had adverted to this procedure among their various other preoccupations, of constructing buildings, and other things, if that had been done, Sir, a sympathetic Chief Engineer should certainly have brought this to the notice of Government and a benign Government would never have omitted to discharge their duties. My friend Mr. Velu Pillai made an appeal on behalf of his own place and is absolutely true. I may come further south and say that in Chirayinkil, Trivandrum and Nedumangad we find various things left undone which should not have been left undone. Therefore I regard this as a general question and I regard this as a question which ought to be solved soon. This question is the question of questions, if I may say so. We are not here as school boys. We are here

dealing with important affairs of business, of administrative business. We sanction the grant and Government also accept the position. This deliberate attitude of this House and of the other House this deliberate action of Government which has to do very responsible business, is being frustrated by the intricate, circuitous criminal manner in which money once liberated for public service is withdrawn by the same kind of process. There is therefore Sir, an absolute necessity for impressing upon Government and the P. W. D. that no more can this be done. Let me sound a word of warning. If these things are repeated and if there are occasions hereafter for our having to criticise this policy the Public Works Department and the Government will find it difficult to get the money in future. I am not saying this with any idea of intimidating—far from me to do so, and Government is not going to be intimidated either. I say this in furtherence of my argument and I appeal to Government to instruct the Chief Engineer and his subordinates to do more travelling than they are now doing, and while travelling to look into all the aspects of the question and to prevent for all time to come the surrender of funds deliberately sanctioned by this House and the other House.

MR. N. NARAYANA KURUP : സർ, ഞാനും ഈ ഉപക്ഷേപത്തോട് അനുകൂലിക്കുന്നു. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു് ഒരു രൂപ കുറക്കണമെന്നാണ്. ഞാൻ പറയുന്നതു് ആവശ്യപ്പെട്ടിരിക്കുന്നതു മുഴുവനും അല്ല ഒരു ലക്ഷം രൂപകൂടി അനുവദിച്ചാലും യാതൊരാക്ഷേപവുമില്ല, യാതൊരുതർക്കം സങ്കടവുമില്ലെന്നാണ്. കൊടുക്കുന്നതിൽ അധികവും തിരിച്ചു തരുന്നില്ലേ? കൊടുത്താൽ തിരിച്ചു തരുന്നവരാണെങ്കിൽ കൊടുക്കാൻ യാതൊരു മടിയും വേണ്ടാ. സഞ്ചാരപ്പടി, മെയിൻറനൻസ്, ശമ്പളം, ഇവ കഴിച്ചാൽ ബാക്കി വരുന്നതിന്റെ അധികഭാഗവും ഖജനാവിൽ തിരികെ ഒടുക്കുന്ന ഈ ഡിപ്പാർട്ടുമെന്റിനെയും മേധാവിയെയും ഞാൻ അനുമോദിക്കുന്നു.

MR. KOTTALIL P. ABRAHAM: പലിശകൂടി തരുമോ?

MR. N. NARAYANA KURUP : പലിശ ആവശ്യപ്പെട്ടാൽ തരുമായിരിക്കും. അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. എന്നാൽ അനുവദിച്ച തുകകൾ ലാപ്സാക്കി വീണ്ടും, വീണ്ടും ഈ അസംബ്ലിയുടെ മുൻപാകെ ആവശ്യപ്പെട്ട സമയം ചിലവാക്കുന്ന ഒരു പ്രഹസനാഭിനയത്തിന്റെ ആവശ്യമുണ്ടോ? ഓരോ പൊതുആവശ്യങ്ങൾക്കുള്ള വേലകൾക്ക് ഓരോ തുകകൾ ഈ നിയമസഭയിൽ കൊണ്ടുവന്നു് പാസാക്കുക, ആണ്ടവസാനത്തിൽ വേല നടത്തിക്കാതെ തിരിച്ചുകൊണ്ടുപോകുക, വീണ്ടും ബഡ്ജറ്റിൽ ചേർത്തുകൊണ്ടുവരിക, ആണ്ടവസാനമാകുമ്പോൾ ലാപ്സാക്കുക, ഇതു് വെറും ഒരു പ്രഹസനമാണ്. ഇതിനുവേണ്ടി ഈ

[Mr. N. Narayana Kurup.]

അസംബ്ലിയുടെ കാലസമയം പാഴാക്കേണ്ട ആവശ്യമില്ല. ഒരാണ്ടിൽ ഒരാവശ്യത്തിലേക്ക് അനുവദിക്കുന്ന തുക ആ ആണ്ടിൽ ചിലവു വന്നില്ലെങ്കിൽ ആ പണം ആ ആവശ്യത്തിലേക്കു അടുത്തയാണ്ടിൽ ഉപയോഗിക്കത്തക്കവണ്ണം ഒരു നിയമം ഗവൺമെൻറു ഉണ്ടാക്കണം. ഇതു ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കയാണെന്നു കഴിഞ്ഞ ഒരു ദിവസം പറയുകയുണ്ടായി. ആ നിയമം ഉണ്ടാക്കുന്നതാണു ഞങ്ങൾക്കു അത്യാവശ്യമായിട്ടുള്ളതു. എന്നാൽ ഇന്നു ഡിപ്പാർട്ടുമെൻറിൽ പ്രവൃത്തനങ്ങളെപ്പററി ചില പരാതികൾ എൻെറ സ്നേഹിതന്മാർ പറയുകയുണ്ടായി. ആ പരാതികളിൽ ഡിപ്പാർട്ടുമെൻറിനു എത്രത്തോളം ചുമതലയുണ്ടെന്നുനോക്കാം. ഉപദേശകസമിതി എന്നൊരുക്കൂട്ടരെ നിയോഗിച്ചിട്ടുണ്ടു. അവക്കു വല്ല അവകാശവുമുണ്ടൊ? അധികാരവുമുണ്ടോ എന്നു ചോദിച്ചാൽ യാതൊന്നുമില്ല. ചീഫ് ഇഞ്ചിനീയർ, ഏതോ ചില ആവശ്യങ്ങൾ ബഡ്ജററിൽ ചേക്കാത്തതിനു പറഞ്ഞ മറുപടി സമിതിയിൽനിന്നും ബഡ്ജററിൽ ചേത്തില്ല എന്നാണു. എന്നാൽ ഉപദേശകസമിതി സമ്മതിച്ചതെല്ലാം ബഡ്ജററിൽ ഉൾപ്പെടുത്തീട്ടുണ്ടോ; എന്നു ചോദിച്ചാൽ ഇല്ലതാനും, അവയെല്ലാം ഉൾപ്പെടുത്താത്തതെന്താണെന്നു ചോദിച്ചാൽ ഗവർമ്മെൻറു അതു നീക്കിവച്ചു എന്നാണു മറുപടി. ഈ സ്ഥിതിക്കു സാധുക്കളായ ഡിപ്പാർട്ടുമെൻറുകാരെ കുററപ്പെടുത്തേണ്ട ആവശ്യമില്ല.

MR. M. R. NARAYANA PILLAI : സമിതിയിലെ അംഗങ്ങൾ എത്ര പ്രാവശ്യം എവിടെയെല്ലാം സമ്മേളിച്ചിട്ടുണ്ടു.

MR. N. NARAYANA KURUP : പലസ്ഥലത്തു പല പ്രാവശ്യം സമ്മേളിച്ചിട്ടുണ്ടു. ആവശ്യങ്ങളും അത്യാവശ്യങ്ങളും കണ്ടറിഞ്ഞിട്ടുണ്ടു. അതിനാൽ, ഡിപ്പാർട്ടുമെൻറു ബഡ്ജററുണ്ടാക്കുന്നതിനായി കൂടുന്ന ഉപദേശകസമിതിയോഗത്തിൽ, അത്യാവശ്യവേലകൾക്കു പണം അനുവദിക്കുന്നതിനുവേണ്ടി ഞങ്ങൾ, ഘോരഘോരം ധീരധീരം വാദിച്ചിട്ടുണ്ടു. പക്ഷെ അച്ചടിച്ച ബഡ്ജററു വരുമ്പോൾ, ഞങ്ങൾ ചേത്തതു പലതും കാണുകയില്ല. ഗവൺമെൻറു നിരസിച്ചെന്നു സമാധാനവും കിട്ടും. ഗവൺമെൻറു നിരസനത്തിനുകാരണം ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരുടെ ചുമതലാബോധക്കുറവാണു. ഏററവും അത്യാവശ്യമുള്ള കാര്യത്തിനു ചെന്നാലും ദിവാൻജി അവർകൾ, വേണൊ എന്നു ചോദിച്ചുപോയെങ്കിൽ, അത്യാവശ്യം അനാവശ്യമാണെന്നു പോലും ചിലർ പറയാൻ തയ്യാറുണ്ടു. അത്യാവശ്യകാര്യം അത്യാവശ്യമാണെന്നും, പണം അനുവദിച്ചേതീരൂ എന്നും ധൈര്യമായി ചോദിക്കാൻ അധികം ഉദ്യോഗസ്ഥന്മാ

തണ്ടൊ എന്നു സംശയമാണ്. ധൈര്യമായി ആവശ്യമാണെന്നു പറഞ്ഞാൽ അനുവദിക്കുന്ന പ്രകൃതമാണ് ഡിപാൎട്ടുമെൻറിന്റേത്. ഗവൺമെൻറിനോട് അത്യാവശ്യമുള്ള സംഗതികൾ ധൈര്യമായി ചോദിച്ചുവാങ്ങേണ്ടത് ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരുടെ കടമയാണെന്നാണ് ഞാൻ പറയുന്നത്. ഡിപ്പാർട്ടുമെൻറിൽനിന്നും ചില റോഡുകൾ പണിയാരംഭിക്കുന്നില്ലെന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഡിപ്പാർട്ടുമെൻറിന്റെ കുററം അതിൽ ഒട്ടും ഇല്ല. പുതുതായി റോഡുവെട്ടുന്നതിന് വസ്തു ഉടമസ്ഥന്മാർ ആദ്യമായി സ്ഥലം വിട്ടുകൊടുക്കണം. അതു കഴിഞ്ഞാൽ ലാൻഡുറവന്യൂക്കാർ അളന്നു കൈവശപ്പെടുത്തി, എഞ്ജിനീയർ ഡിപ്പാർട്ടുമെൻറിനു വിട്ടു കൊടുക്കണം.

റവന്യൂ ഡിപ്പാർട്ടുമെൻറു മുഖാന്തിരമല്ലാതെ പൊതു മരാമത്തു ഡിപ്പാർട്ടുമെൻറിനു സ്ഥലത്തുപ്രവേശിച്ചു ജോലിചെയ്യാൻ നിവൃത്തിയില്ല. ബഡ്ജററിൽ പണമുണ്ട്. ആറേഴുകൊല്ലമായിട്ടു കുടിയാനവന്മാർ പൊന്നുംവിലകൂടാതെ വിട്ടുകൊടുത്ത സ്ഥലങ്ങൾ റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നു അളന്നു പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിനെ ഏല്പിക്കാത്ത കാരണത്താൽ ആ വക സ്ഥലങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾക്കു വെറുതെ കരം കൊടുക്കേണ്ടതായി വന്നിരിക്കുന്നു. ആദായം എടുക്കാൻ നിവർത്തിയുമില്ല. അതുകൊണ്ടു പൊതുമരാമത്തുവേലകൾ നടക്കാത്തതിൽ അധികവും കുററപ്പെടുത്തേണ്ടതു റവന്യൂ ഡിപ്പാർട്ടുമെൻറുകാരെയാണു. എത്ര റിമൈൻഡേഴ്സ് എഴുതി അയച്ചാലും അവർ ഈ കാര്യത്തെപ്പററി അന്വേഷിക്കുന്നില്ല. തിരുവിതാംകൂറിലെ സകലകാര്യങ്ങൾക്കും അവരാണ് ചുമതലക്കാരെന്നും ഉദ്യോഗസ്ഥന്മാർ സർക്കീട്ടു പോകുമ്പോൾ അവർക്കുവേണ്ട സൗകര്യം ചെയ്തുകൊടുക്കേണ്ടതു അവരുടെ ജോലിയാണെന്നും അതുകൊണ്ടു സമയമില്ലെന്നും മററും പറഞ്ഞുവരുകയാണ്. ഈ കാര്യത്തിനു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിനെ സഹായിക്കുന്നതിനു റവന്യൂ ഡിപ്പാർട്ടുമെൻറുകാരെ പ്രത്യേകം ചുമതലപ്പെടുത്തേണ്ടതാണ്. ചീഫ് ഇൻജിനീയരുടെ അധീനതയിൽ ഒരു സ്പെഷ്യൽ തഹശീൽദാരെ ഒരു സർവേ പാർട്ടിയോടുകൂടി നിയമിച്ചു ജനങ്ങൾ റോഡിനായിട്ടും തോടിനായിട്ടും വിട്ടുകൊടുക്കുന്ന സ്ഥലങ്ങൾ അളന്നു തിരിച്ചുഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കത്തക്കവണ്ണം വേണ്ട ഏർപ്പാടു ചെയ്യുന്ന പക്ഷംപൊതുമരാമത്തു വേലകൾക്കു അനുവദിക്കുന്ന പണം അതാതാണ്ടിൽതന്നെ ചിലവുചെയ്യാൻ സാധിക്കുന്നതാണു.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിനുമെയിൻറനൻസ് ശരിയായി നടത്താത്ത ഒരു കുററമുണ്ടു. അവരോടു ചോദിച്ചാൽ മഴതുടങ്ങിയിട്ടു മാത്രമെ മെയിൻറനൻസ നടത്താൻ സാധിക്കയുള്ളു എന്നു പറയും.

[Mr. N. Narayana Kurup.]

അതുപോലെ ഉദാഹരണം. ൧൨ മാസത്തിനിടയിൽ വളരെ കുറഞ്ഞ മെയിൻറനൻസ് ജോലികൾ മാത്രമെ ചെയ്യാൻ സാധിക്കയുള്ളൂ. ഞാനൽ മെയിൻറനൻസിനെ അവഗണിക്കണമെന്നോ മെയിൻറനൻസ് ശുഷ്കിക്കരുതായി നടത്തിയിട്ടില്ലെങ്കിലും മിച്ചം വരുത്തണമെന്നൊ ഞാൻ പറയുന്നില്ല.

MR. K. KUNJU PANICKER : മേടമാസത്തിൽ മെയിൻറനൻസ് നടത്തിയാൽ കാലവർഷം തുടങ്ങുമ്പോഴേക്കും മെയിൻറനൻസ് നടത്തിയതൊക്കെ നശിച്ചു പോകയില്ലേ?

MR. N. NARAYANA KURUP : മെയിൻറനൻസ് നശിച്ചുപോകയില്ല എന്നാണ് എനിക്കു തോന്നുന്നതു്.

ഇന്നത്തെ ഗവൺമെൻറിൻെറ പ്രധാന ഉദ്ദേശം വിളവുസാധനങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളതാണല്ലോ. വിളവു വർദ്ധിപ്പിക്കുന്നതിനു ഇറിഗേഷൻ അത്യന്താപേക്ഷിതമാണു. ജലസേചനം ശരിയായി നടത്തുന്നകാര്യത്തിൽ ഇറിഗേഷൻവകുപ്പിനെ പൊതുമരാമത്തുവകുപ്പിൽനിന്നും വേർതിരിക്കണമെന്നാണ് എനിക്ക് പറവാനുള്ളതു. ഇന്നത്തെ ചീഫ് ഇൻജിനീയർ ഒരു കാലത്തു ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലെ എക്സിക്യൂട്ടീവ് ഇൻജിനീയരായിരുന്നു.

DEPUTY PRESIDENT Order, order- That does not arise.-

MR. N. NARAYANA KURUP : ഇവിടെ എല്ലാവരും ഇറിഗേഷൻെറ കാര്യം പറഞ്ഞുകേട്ടു, അതുകൊണ്ടു ഞാനും പറഞ്ഞുവെന്നേയുള്ളൂ. ചീഫ് ഇൻജിനീയർ ശരിയായിട്ടു സൂക്ഷിച്ചുനോക്കിയാൽ ഇറിഗേഷൻ ജോലികളെപ്പററി മനസ്സിലാക്കാനും അത്യാവശ്യമായ ജോലികൾ ചെയ്യിക്കാനും കഴിയും. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറു പ്രത്യേകമായി വേർതിരിച്ചിരുന്ന കാലത്തു നടത്തിക്കൊണ്ടിരുന്നതിൽ പകുതിയെണ്ണം ജോലികൂടി ഇന്നു നടക്കുന്നില്ല. ഈ കാര്യത്തിൽ ഗവൺമെൻറു പ്രത്യേകം നിഷ്കർഷിക്കയും ഇറിഗേഷൻ വകുപ്പിനെ പരിഷ്കരിച്ചു പ്രത്യേകമായി തിരിക്കയും ചെയ്യേണ്ടതാകുന്നു. ഇറിഗേഷനിൽ മെയിൻറനൻസിനു അധികം പണമില്ലാത്തതുകൊണ്ടു ഇറിഗേഷൻ എക്സിക്യൂട്ടീവ് ഇൻജിനീയരായിട്ടു പോകാൻ ഡിപ്പാർട്ടുമെൻറിലുള്ളവർക്കു മനസ്സു കാണുകയില്ല. ഏതായാലും ഈ വകുപ്പു് പ്രത്യേകം തിരിച്ചു കൃഷിക്കു് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണെന്നു ഞാൻ ഗവൺമെൻറിനെ അറിയിച്ചുകൊള്ളുന്നു.

ഇനി എനിക്കു പറയുവാനുള്ളതു് അത്യാവശ്യമായ കാര്യങ്ങളിൽ ചീഫ് ഇൻജിനീയരുടെ ശ്രദ്ധ പതിയണമെന്നുള്ളതിനെപ്പററിയാണ്. കുട്ടനാടൻ പ്രദേശങ്ങളിൽ അദ്ദേഹം ധാരാളം സർക്കീട്ട ചെയ്തിട്ടുണ്ടോ എന്നു സംശയമുണ്ട്. കുട്ടനാട്ട ഇന്നത്തെ ചീഫ് ഇൻജിനീയരുടെ സ്വദേശമാകയാൽ അവിടെ വല്ലതും ചെയ്തുപോയാൽ ദേശീയപക്ഷപാതിത്വം കാണിക്കുന്നു എന്ന ആരോപണം ചുമത്തിയാലോ എന്നു ഭയന്നു അവിടെ ആവശ്യമുള്ള യാതൊരു ജോലികളും നടത്തുന്നില്ല. തലവടിയാററിന്റെ ശരൽക്കാലസ്ഥിതി കർഷകർക്ക് ദോഷം ചെയ്യുന്നു. കുട്ടനാടൻ പ്രദേശങ്ങളിലേയ്ക്കു വെള്ളത്തെ ഒഴുക്കി കൊണ്ടുപോകുന്നതിനും ഏക്കൽകൊണ്ടടിക്കുന്നതിനും തലവടിയാറാണ് ഉപയോഗപ്പെടുന്നതു്. ഇതിൽ ചക്കുളംമുക്ക് എന്നസ്ഥലത്തു മണൽവന്നുമൂടി തലവടിയാററിന്റെ ഒഴുക്കിന്റെ ഗതി തടയപ്പെട്ടു, വഴിതിരിഞ്ഞു പോകുന്നതുകൊണ്ടാണ്, വേനൽകാലത്തു കൃഷിക്കൊ ഗതാഗതത്തിനൊ, സൗകര്യപ്പെടാത്തവിധം, നദി ഉണങ്ങുന്നതു. ഇപ്പോൾ ഒരു മണ്ണുമാന്തിക്കപ്പൽ ഉപയോഗിച്ചു് കുഴിച്ചുവരുന്നുണ്ട്. എന്നാൽ ആണ്ടിലൊരിക്കൽ ഇങ്ങനെ കുഴിച്ചു മണ്ണെടുത്തു കളഞ്ഞാൽ അടുത്തയാണ്ടിൽ പിന്നെയും മണൽ വന്നുകൂടും. അതുകൊണ്ട് ചക്കുളം മുക്കിനെ മുറിക്കുകയാണ് വേണ്ടതു. അങ്ങനെ ചെയ്യുന്നപക്ഷം കുട്ടനാടൻ വയലുകളിലേയ്ക്കു ഒഴുക്ക് നിർവിഘ്നം ഉണ്ടാകുന്നതും, വയലുകളിൽ കൂടുതൽ വിളവുണ്ടാകുന്നതും, നദിയും, ഉപതോടുകളും കാർഷികോപയോഗങ്ങൾക്കും ഗതാഗതത്തിനും ഉപയോഗപ്പെടുന്നതുമായിരിക്കും.

ചേർത്തല പ്രദേശത്തെപ്പററി പറയുകയാണെങ്കിൽ ഇതയും ഉണക്ക്പിടിച്ച ഒരു മണലാരണ്യം തിരുവിതാംകൂറിൽ ഉണ്ടോ എന്നു സംശയമാണ്. എട്ടോ പത്തോ ലക്ഷം രൂപാ ചെലവുചെയ്തു ചേർത്തല —ആലപ്പുഴ തോടുവെട്ടാൻ ആരംഭിച്ചു. ചേർത്തലനിന്നു ൩ മൈൽ തെക്കോട്ടും ആലപ്പുഴനിന്നു ൩ മൈൽ വടക്കോട്ടും മാത്രമെ ഇപ്പോൾ തോടു വെട്ടിയിട്ടുള്ളു. പൊന്നുംവിലകൊടുത്തു് സ്ഥലം എടുത്തിട്ടിരിക്കുന്നു എന്നല്ലാതെ അതിൽനിന്നു യാതൊരാദായവും കിട്ടുന്നില്ല. ഈ തോടു ഗതാഗതത്തിനൊ വളം മുതലായ സാധനങ്ങൾ കൊണ്ട്പോകുന്നതിനൊ കായൽ നികത്തുന്നതിന് മണൽ കൊണ്ടുപോകുന്നതിനൊ പ്രയോജനപ്പെടുന്നില്ല. എന്നാൽ ആലപ്പുഴ ചേർത്തല റോഡുള്ളതുകൊണ്ടു ഗതാഗതത്തിനു അസൗകര്യമില്ല എന്നു പറയുമായിരിക്കാം. വളം മുതലായ സാധനങ്ങൾ വള്ളം വഴി കൊണ്ടു പോകുന്നതിനേക്കാൾ കൂടുതൽ ചാർജ്ജ് റോഡ് വഴി കൊണ്ട്പോകുന്നതിനു കൊടുക്കേണ്ടതായിട്ടുണ്ട. അതുകൊണ്ട് റോഡ്കൊണ്ട് തോടിന്റെ ഫലം കിട്ടുന്നതല്ല. ഒ

[Mr. N. Narayana Kurup.]

താണ്ട് ൫൦ ലക്ഷം രൂപയോളം ചെലവുചെയ്തു പണിതീർത്തുകൊള്ളുമാ
യി തീർച്ചപ്പെടുത്തിക്കൊണ്ടുപോകുന്ന ഈ തോടിന്റെ കാര്യത്തിൽ ഗവ
ൺമെന്റിന്റെ പ്രത്യേകശ്രദ്ധ പതിയണമെന്നും ആയതു പൂർത്തിയാ
കി, അതിൽ വന്നുചേരുന്നതിന് അനേകം കൈത്തോടുകൾകൂടിയുണ്ടാ
കി, ചെങ്ങലയുടെ സ്ഥിതി കുറെക്കൂടി അഭിവൃദ്ധിപ്പെടുത്തണമെന്നതാ
ള്ളപ്പെടുന്നു.

(ഈ സന്ദർഭത്തിൽ പ്രസിഡണ്ട് അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു)

MR. N. NARAYANA KURUP: ഏതു നിലയിലും കൃഷിക്കാവശ്യമായ ഉള്ള കാര്യങ്ങളെല്ലാം സൗകര്യമായവിധം ചെയ്തുകൊടുക്കുന്നതിനു എത്ര ചെലവു വന്നാലും തരക്കേടില്ല. അതാവശ്യമാണെന്നു ധൈര്യമായി ഗവൺമെന്റിനെ അറിയിക്കുന്നതിനുള്ള തന്റേടം ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാർക്കു ഉണ്ടായിരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

MR. M. R. NARAYANA PILLAI: ചീഫ് എൻജിനീയരുടെ സർക്കീട്ട് കുറവാണെന്നു പറഞ്ഞതല്ലോ. അതു സമയത്തിന്റെ കുറവോ ദൂരത്തിന്റെ കുറവോ?

MR. N. NARAYANA KURUP: അതു നമുക്കു രണ്ടുപേർക്കും അറിയാവുന്ന സംഗതിയാണല്ലോ.

MR. KOTTALIL P. ABRAHAM: Sir, in these days of petrol rationing and scarcity of rubber tyres, one is reluctant to support the cut in the travelling allowance, proposed by the mover. The mover of the motion has suggested that the improper and persistant surrender of allotments given to the department every year should be avoided. That is a matter which has been elaborately dealt with when the report of the Public Accounts Committee was considered in this House a few days ago. I do not say anything more about it. However, I agree in saying that such improper surrender should be avoided as far as possible.

It is stated that some works are not attended to because they are big and involve big amounts. What I am going to speak is about some small works if works like the ones which I am going to mention are treated as small. If they are neglected because they are small, of course, there is a fallacy somewhere between the two. Regarding the motion as a token motion I have to bring to the attention of the Government and the department the cases of two small roads. One is the Kuruppumpady-Koottickal road in Alwaye Division. That road consists of two sections. The first ends with the sixth mile from where the second section begins. The last two miles of the first section, *viz.*, the fifth and sixth, or according to the department the fourth and the fifth, is treated as a trace. This central portion of the road between its two

sections is kept in the records as a trace and is left without any proper maintenance so much so the whole road becomes useless. Happily or unhappily at that portion there is now an English Middle School known as Mar Elias English Middle School, Kottappady. I remember that once the Director of Public Instruction, although he wanted to go to the School for inspection, could not do it because his car got stuck up on the road and he had to return without reaching the School.

MR. I. C. CHACKO: May I inform the honourable member that an estimate for Rs. 9,000 has already been sanctioned for this section and the work has been started?

MR. KOTTALIL P. ABRAHAM: I am not aware of it, Sir. I do not know whether it is for the first section.

MR. I. C. CHACKO: It is for the second section. The first section is big enough for cars and has got a good maintenance grant.

MR. KOTTALIL P. ABRAHAM: Sir, I want to say that the end portion of the first section which is treated as a trace is not maintained at all. To my knowledge that is the portion which requires to be improved. If it is to be improved, it has to be converted from the trace category to the category of roads. The second portion becomes useless even if it is constructed because of these intervening two miles of what is called a trace. I want the honourable Chief Engineer to note that fact. Only a nominal amount, a sum of Rs. 17 per mile was allowed for the maintenance of those two miles of the road. My statement may be verified by the Chief Engineer if he wants.

Another small road which I want to bring to the notice of the department is known as Ayacaud-Kottappady road which is also in the Alwaye Division. That is a road constructed by the efforts of the ryots in the place about some three years back. The ryots have constructed the road and have placed the land at the disposal of the Government. On account of some technical difficulty between the P. W. Department and the Revenue Department the road is not at all taken up by the Government. I think that this matter was brought to the notice of the Department even earlier. I have heard that then objections were raised that the Advisory Board had not recommended its inclusion. I brought the case of the road to the notice of some of the members on the Advisory Board also. They said that because of some general policy with regard to these ryot's roads this particular road had to be left out. Anyhow between all these departments and officers and gentlemen these small things are ignored. I earnestly request the Chief Engineer to see that these small things are rectified as early as possible. In the case of even small items of works, objection is raised that the Executive Engineer or even the Chief Engineer has no authority to order the immediate repair of even small culverts. It requires the sanction of Government or the Board. I have often heard it said like that. If that is a fact, that also has to be remedied. I understand that the Advisiory Board has not power to recommend expenditure exceeding Rs. 100.

MR. I. C. CHACKO: May I inform the honourable member that officers have got power to order to attend to immediate and urgent repairs.

MR KOTTALIL P. ABRAHAM: Then I withdraw the statement. I only wanted that this defect if it exists, should be remedied.

I press to the notice of the Chief Engineer these two small roads and I hope that they will be attended to as early as possible.

MR. PADIYARA JOSEPH KUNJU: സർ, അനസ്യൂതമായ ഒരു ഭരണനയം ഈ ഡിപ്പാർട്ടുമെൻറിനില്ല എന്നുള്ള ഒരു ന്യൂനത ചൂണ്ടിക്കാണിക്കാതിരിക്കുവാൻ തരമില്ല. ഇതിനെ സംബന്ധിച്ച് ചില ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നതിനാണ് ഞാൻ ആദ്യമായി ആരംഭിക്കുന്നത്. ചങ്ങനാശേരി മുതൽ ആലപ്പുഴവരെ ഒരു തോട് കുഴിപ്പിക്കണമെന്നു ഗവണ്മെൻറു ആദ്യം വിചാരിച്ചു. കുറെ സ്ഥലം പൊന്നുംവിലകൊടുത്തു എടുത്ത് കുറെ രൂപാ ചെലവാക്കുകയും ചെയ്തു. അതിനുശേഷം ഇതേവരെയായിട്ടും ആ തോട് പൂർത്തിയാക്കിയിട്ടില്ല. വെട്ടിയിടത്തോളം ഭാഗം മണൽ കയറി നിരുപയോഗമായി കിടക്കുകയാണ്. ഇത്രയും പണം ചെലവാക്കിയതിൻെറ നഷ്ടം ആരാണു സഹിക്കേണ്ടത്? ഒരു ചീഫ് ഇൻജിനീയർ വന്നപ്പോൾ ചേർത്തലനിന്നും ആലപ്പുഴക്കു ഒരു തോടു വെട്ടണമെന്നു നിശ്ചയിച്ചു; അതിൻെറ പണിയാരംഭിച്ചു. കുറെ കഴിഞ്ഞപ്പോൾ ആ ചീഫ് ഇൻജിനീയർ മാറി മറെറാരു ചീഫ് ഇൻജിനീയർ വന്നപ്പോൾ തോടല്ല ആവശ്യം റോഡാണു വേണ്ടതെന്നു നിശ്ചയിച്ചു. അതിനും കുറെ പണം ചെലവാക്കിക്കഴിഞ്ഞപ്പോൾ പിന്നൊരു ചീഫ് ഇൻജിനീയർ വന്നു ചേർത്തലക്കു റോഡും തോടും അല്ല ആവശ്യം ഒരു ലൈററ് റെയിൽവെ ആണു ആവശ്യമെന്നു തീരുമാനിച്ചു. ഈ അവസരങ്ങളിലെല്ലാം ഞാൻ നിയമസഭയിൽ മെമ്പറായിരുന്നതുകൊണ്ടാണു ഇത്ര തീർച്ചയായി പറയാൻ സാധിക്കുന്നത്.

PRESIDENT: These can be verified even otherwise.

MR. PADIYARA JOSEPH KUNJU: ലൈററ് റെയിൽവേക്കുവേണ്ടി കുറെ സാമാനങ്ങൾ വരുത്തി. അതു മുഴുവനും ഇപ്പോൾ തുരുമ്പു പിടിച്ചുകിടക്കുന്നു.

MR. I. C. CHACKO: എവിടെയാണു ഈ സാമാനങ്ങൾ കിടക്കുന്നത്.

MR. PADIYARA JOSEPH KUNJU: ആലപ്പുഴ മുതൽ ചേർത്തലവരെയുള്ള സ്ഥലങ്ങളിൽ ചെന്നു നോക്കിയാൽ അതു കാണാൻ കഴിയും.

PRESIDENT Will the honourable member say where it is?

MR. PADIYARA JOSEPH KUNJU: പല സ്ഥലങ്ങളിലായി ചിന്നിച്ചിതറി കിടക്കുന്നു. പിന്നെ വേറൊരു ചീഫ് ഇൻജിനീയർ വന്നു ലൈററ് റെയിൽവേയല്ല അവിടെ ആവശ്യം ഒരു മീററർഗേജു റെയിൽവേ ആ

ണാവശ്യം എന്നഭിപ്രായപ്പെട്ടു. അതിലേക്കു പണം ചെലവാക്കിയോ എന്നു എനിക്കു നിശ്ചയമില്ല. അതിനുശേഷം വന്ന ദിവാൻജി റോഡു തന്നെയാണു ആവശ്യമെന്നു കർശനമായ ഒരുത്തരവു ഇട്ടു.

MR. K. P. KOCHUKORA THARAKAN: 'മെമ്പർ മി. വാട്സ് ഇവിടെ വന്നതിനു ശേഷമല്ലെ കൗൺസിൽ സാമാജികനായിരുന്നതു്?

MR. PADIYARA JOSEPH KUNJU: ശ്രീമൂലം പാപ്പുലർ അസംബ്ലിയിലെ സാമാജികസ്ഥാനംകൂടി ഉൾപ്പെടുത്തിയാണു ഞാൻ പറഞ്ഞതു്.

PRESIDENT: Is the light railwy deposited underground?

MR. N. NARAYANA KURUP: അസംബ്ലി എന്നു പറഞ്ഞതു പ്രജാസഭയാണോ?

MR. PADIYARA JOSEPH KUNJU: അതും അസംബ്ലി തന്നെയാണല്ലോ?

PRESIDENT: The honorable member might refer to previous history at a later stage. He will finish soon what he has to say.

MR. PADIYARA JOSEPH KUNJU: എന്റെ നിയോജകമണ്ഡലത്തിൽ തന്നെ മൂലപ്പാലക്കൽ തോടു എന്നു ഒരു തോടുണ്ടു്. അവിടെ ഒരു പാലം തീർക്കുന്നതിനു ൨൦ കൊല്ലമായി ഞാൻ തുടർച്ചയായി ഗവൺമെൻറിനോടു അപേക്ഷിച്ചുകൊണ്ടിരുന്നു. ആണ്ടുതോറും അതിലേക്കു പണം അനുവദിക്കാറുണ്ടു്. എന്നാൽ ഫലം ഒന്നും ഉണ്ടായിട്ടില്ല. സാധാരണ ഞങ്ങൾ ഇവിടെവന്നു ഓരോ കാര്യങ്ങൾ പറയുമ്പോഴും ബഡ്ജററിൽ പണം ചേർത്തിട്ടുണ്ടെന്നു പറഞ്ഞു ഞങ്ങളെ തൃപ്തിപ്പെടുത്തുകയല്ലാതെ കാര്യത്തിൽ യാതൊന്നും തന്നെ നടക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ മറെറാരു പ്രതിനിധിയായ മി. കൈനിക്കര പത്മനാഭപിള്ള ഇതിനു സാക്ഷ്യംവഹിക്കുന്നു. ഈ പാലത്തിനുവേണ്ട സാമാനങ്ങൾ വരുത്തി നിരുപയോഗമായി ഇട്ടിരിക്കുന്നു. ഇതിനുത്തരവാദി ആരാണു്? ആ സാമാനങ്ങളും അവിടെക്കിടന്നു ചീത്തയാകുന്നു.

ഇതുപോലെതന്നെ കററിപ്പുഴ തോട്ടിന്റെയും സ്ഥിതി. അതും എന്റെ നിയോജകമണ്ഡലത്തിൽ ഉള്ളതാണു്. അതു വെട്ടാനാരംഭിച്ചു പകുതി ആയപ്പോൾ അവിടെ പാറയുണ്ടു് മണലാണു എന്നൊക്കെ പറഞ്ഞു് അതു നിറുത്തിവച്ചു. ലക്ഷക്കണക്കിനു രൂപാ ചെലവാക്കിയതു വ്യർത്ഥമായില്ലേ? അവിടെ പാറയുണ്ടോ എന്നു അവർക്കു ആദ്യമേ നോക്കാൻ പാടില്ലേ? ഇങ്ങിനെയാണെങ്കിൽ ഈ വിദഗ്ദ്ധന്മാരുടെ ആവശ്യമെന്താണു്? എനിക്കും ചീഫ് എൻജിനീയർ ഉദ്യോഗംവഹിച്ചു തോടുകളും മറ്റും വെട്ടിക്കാമല്ലോ.

[Mr. Padiyara Joseph Kunju.]

മീനച്ചൽ ആററിൽ ഒരു പാലം പണിയിക്കുന്നതിനു കുറെ സാമാനങ്ങളെല്ലാം വരുത്തി. തൂണു നിറുത്തിയപ്പോൾ ഒരു വെള്ളപ്പൊക്കം വന്നു. ഇപ്പോൾ തൂണെല്ലാം ചരിഞ്ഞുനിൽക്കുകയാണ്.

MR. P. SIVARAMA PILLAI: പാലത്തിനു വരുത്തിയ സാധനങ്ങൾ ഇപ്പോഴും അവിടെ കിടപ്പുണ്ടോ?

MR. PADIYARA JOSEPH KUNJU: കുറച്ചൊക്കെ തുരുമ്പുപിടിച്ചു കിടപ്പുണ്ട്. ഈ സംഗതിക്കു എന്റെ മാന്യസ്നേഹിതൻ മി. ശിവരാമപിള്ള സാക്ഷ്യം വഹിക്കും.

എന്റെ നിയോജകമണ്ഡലത്തിൽ മണിമലയാററിൽ ഒരു പാലം പണിയിച്ചിട്ടുണ്ട്. വെള്ളപ്പൊക്കകാലത്തു പാലത്തിൽ മുട്ടി വെള്ളം പോകുന്നതുകൊണ്ടും വേനൽക്കാലത്തു മണൽ കൂടിക്കിടക്കുന്നതുകൊണ്ടും പാലത്തിനടിയിൽകൂടി വള്ളങ്ങൾക്കു പോകാൻ നിവൃത്തിയില്ല. കഷ്ടിച്ച് അഞ്ചോ ആറോ അടി വീതിയുള്ള ഈ പാലത്തിൽ രണ്ടു ചങ്ങല ഇട്ടിട്ടുണ്ട്. ഇതു സ്ഥിരമായിട്ടു അവിടെ ഇടാതെ വൈകുന്നേരം എടുത്തു മാററുകയാണു പതിവ്. സ്ഥിരമായിട്ടു അവിടെ ഇട്ടാൽ എന്താണെന്നു ചോദിച്ചാൽ അവിടെ ഇട്ടിരുന്നാൽ ആരെങ്കിലും മോഷ്ടിച്ചുകൊണ്ടുപൊയ്ക്കളയുമെന്നാണു സമാധാനം പറയുന്നതു്. ഈ പാലത്തിൽകൂടി കാറുകൾക്കു പോകാൻ വളരെ വിഷമമുണ്ട്. ഈ പാലം ഇങ്ങിനെ വച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ പൊളിച്ചു കളയുകയാണു ഭേദം എന്നു ഞാൻ ഗവമ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഏതെങ്കിലും ഒരു പകുതിയിൽ ജനിച്ച ചീഫ് ഇൻജിനിയരോ, എക്സിക്യൂട്ടിവ് ഇൻജിനീയറന്മാരോ, അസിസ്റ്റന്റു ഇൻജിനീയർമാരോ ഉണ്ടായിരുന്നാൽ ആ പകുതി നന്നാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. കോട്ടയം, നാട്ടകം, പുതുപ്പള്ളി, അയ്മനം, കുമരകം എന്നീ സ്ഥലങ്ങൾ ഇതിനു പ്രത്യേക ലക്ഷ്യങ്ങളാണു.

PRESIDENT: These are the native places of the various Chief Engineers?

MR. PADIYARA JOSEPH KUNJU: Executive Engineers.

MR. K. KUNJU PANICKER: കോട്ടയം ടൗണിലുള്ള നാഗംപടംപാലത്തിന്റെ സ്ഥിതി എന്താണെന്നു മെമ്പർ കണ്ടിട്ടുണ്ടോ?

MR. PADIYARA JOSEPH KUHJU: കോട്ടയത്തേക്കു എന്തെങ്കിലും ചെയ്യുന്നതുകൊണ്ടുള്ള അസൂയ ഉണ്ടായിട്ടല്ല ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ കാര്യം പറയുന്നതു്. നാഗംപടം പാലത്തിനു വല്ല അ

ററകുററവും ഉണ്ടെങ്കിൽ അതു ഉടനടി തീക്കണമെന്നു ചീഫ് ഇൻജിനീയരോടു മെമ്പറെക്കാൾ മുൻപേ ഞാൻ അപേക്ഷിച്ചു കൊള്ളുന്നു.

സർ, എന്റെ അയൽ പകുതിയായ ഇടത്വാ അഭിവൃദ്ധിപ്പെടുമെന്നുതന്നെ ഞാൻ പ്രതീക്ഷിക്കുന്നു. ഈ ക്ഷാമകാലത്തു പൊതുമരാമത്തിനു വേണ്ടിയുള്ള ചിലവു വർദ്ധിപ്പിക്കുന്നതിനു പകരം അതു കുറയ്ക്കുകയാണു ഡിപ്പാർട്ടുമെന്റദ്ധ്യക്ഷൻ ചെയ്തുകൊണ്ടിരിക്കുന്നതു്. ഈ വകുപ്പിലേക്കു ഇത്രലക്ഷം രൂപാ വേണമെന്നുള്ള ധനാഭ്യർത്ഥന ഈ സഭമുമ്പാകെ ഹാജരാക്കുമ്പോൾ അതു് അത്യന്താപേക്ഷിതമായ കാര്യങ്ങൾക്കാണെന്നു വിചാരിച്ചുകൊണ്ടു ആ സംഖ്യ മുഴുവനും ഞങ്ങൾ അനുവദിച്ചുകൊടുക്കും. എന്നാൽ ഞങ്ങൾ പണം അനുവദിക്കുന്ന വേലകളൊന്നുംതന്നെ നടപ്പിലാക്കാതെ ലക്ഷക്കണക്കിനു രൂപാ ലാപ്സാക്കുകയാണു ആണ്ടുതോറും ചെയ്തുകൊണ്ടിരിക്കുന്നതു്. ഞങ്ങൾ പുതിയ വേലകളെപ്പററി പറയുമ്പോൾ പണമില്ല, പണമില്ല എന്ന പല്ലവി പാടുന്ന ഈ ഡിപ്പാർട്ടുമെന്റദ്ധ്യക്ഷൻ എത്ര ലക്ഷം രൂപാ ലാപ്സാക്കി ഗവൺമെന്റിനു തിരിച്ചുകൊടുക്കുന്നുണ്ടെന്നു പ്രസ്താവിച്ചുകേട്ടാൽ കൊള്ളാം.

സർ, മുമ്പു ഒരു ചീഫ് ഇൻജിനീയർമാത്രം ഉണ്ടായിരുന്ന കാലത്തു ഞങ്ങൾ അനുഭവിച്ച ശല്യങ്ങൾ അനവധിയാണ്. എന്നാൽ ഇപ്പോൾ ൨ ചീഫ് ഇൻജിനീയരന്മാരാണുള്ളതു്. അതുകൊണ്ടു ഞങ്ങളുടെ ശല്യം ദ്വിഗുണീഭവിക്കയില്ലേ എന്നാണു എന്റെ സംശയം.

PRESIDENT: It may be the other way also.

MR. PADIYARA JOSEPH KUNJU: ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണം കാര്യക്ഷമമായി നടത്തുന്നതിനു ഇവക്കു രണ്ടുപേർക്കുംകൂടി സാധിക്കുമോ എന്നുള്ളതാണു എന്റെ സംശയം. ഞാൻ ഒരുദാഹരണം പറയാം. അങ്ങു ഈ സഭയുടെ അദ്ധ്യക്ഷനാണ്. അങ്ങു ചെയ്യുന്ന റൂളിംഗ് എല്ലാം അനുസരിക്കുന്നതിനു ഞങ്ങൾ ബാദ്ധ്യസ്ഥരുമാണ്. എന്നാൽ ഇവിടെ രണ്ടു അദ്ധ്യക്ഷന്മാരുണ്ടെന്നു വിചാരിക്കുക. ഒന്നു പറയുമ്പോൾ ഞാൻ മറേറ അദ്ധ്യക്ഷനോടു പറഞ്ഞുകൊള്ളാം നിങ്ങൾ പൊയ്ക്കൊൾക എന്നു എനിക്കു പറഞ്ഞു നിൽക്കാൻ സാധിക്കും. ഈ സ്ഥിതിയായിരിക്കും രണ്ടു ചീഫ് ഇൻജിനീയർമാരുള്ള ഇന്നത്തെ ഡിപ്പാർട്ടുമെന്റു സിൽബന്ധികളുടെയിടയിൽ കാണുന്നതു്.

ചീഫ് ഇൻജിനീയരുടെ സഞ്ചാരം കുറവാണെന്നു പറഞ്ഞപ്പോൾ മി. കൊററാലിൽ എബ്രഹാം പെട്രോൾ റേഷനുള്ള ഇക്കാലത്തു ഇത്രയൊക്കയേ സാധിക്കുകയുള്ളു എന്നു പ്രസ്താവിച്ചതായി തോന്നുന്നു. പെ-

[Mr. Padiyara Joseph Kunju.]

ട്രോൾ റേഷനുള്ള ഈ അവസരത്തിൽ ഈ അസംബ്ലിയിൽ ഹാജരാകാൻ പറവൂർനിന്നും അദ്ദേഹം ഇവിടെ എങ്ങിനെ എത്തിച്ചേരുന്നു എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ആവശ്യം ഉണ്ടെങ്കിൽ പോകുന്നതിനു എപ്പോഴും സാധിക്കും. അതിനു പെട്രോൾ റേഷനിംഗ് ബാധകമാകുകയില്ല. ഈ ഉപക്ഷേപത്തെ ഞാൻ സർവാത്മനാ പിൻതാങ്ങുന്നതോടുകൂടി ഒരു സംഗതികൂടി ഗവൺമെൻറിൻെറ ശ്രദ്ധയിൽ എത്തിക്കകൊണ്ടുവരേണ്ടതായിട്ടുണ്ട്. അതായത് പൊതുമരാമത്തിനു ഈ ആണ്ടിൽ അനുവദിക്കുന്ന തുകയിൽനിന്നും അല്പമായെങ്കിലും ലാപ്സാകുന്നതിനു ഇന്നത്തെ ചീഫ് ഇൻജിനീയർ അനുവദിക്കുമെങ്കിൽ അദ്ദേഹത്തെ ഉടൻതന്നെ സർവീസിൽനിന്നും പിരിച്ചുവിടണമെന്നുള്ള അഭ്യർത്ഥനയാണ്.

MR. F. S. MUHAMED: സർ, ചീഫ് ഇൻജിനീയരുടെ സഞ്ചാരപ്പടിയിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ളതാണു ഈ ഉപക്ഷേപം. ഉപക്ഷേപാവതാരകൻ അദ്ദേഹത്തിൻെറ പ്രസംഗത്തിനിടയ്ക്കു ഇന്നത്തെ ചീഫ് ഇൻജിനീയർ വളരെ യോഗ്യനാണെന്നും, അദ്ദേഹം തൻെറ പ്രവൃത്തികൾ കാര്യക്ഷമതയോടുകൂടി ചെയ്യുന്നതിൽ വളരെ ശ്രദ്ധിക്കുന്നുണ്ടെന്നും, ജനങ്ങളുടെ ആഗ്രഹത്തിനനുകൂലമായി പ്രവർത്തിക്കുന്നതിനു എപ്പോഴും സന്നദ്ധമായ സന്മനസ്സോടുകൂടിയവനാണെന്നും പ്രസ്താവിക്കയുണ്ടായി. ഈ പ്രസ്താവനയെ സമസ്യതിലകൻ ടി. കെ. വേലുപ്പിള്ള അവർകൾ സ്ഥിരപ്പെടുത്തുകയും ചെയ്തു. ചീഫ് ഇൻജിനീയരുടെ സഞ്ചാരപ്പടിയിൽ ഒരു രൂപാ കുറയ്ക്കണമെന്നുള്ളതാണ് ഈ ഉപക്ഷേപമെങ്കിലും ഈ ഉപക്ഷേപത്തിൻെറ ഉദ്ദേശം ഇതിൻെറ പ്രയോക്താവു പ്രസ്താവിച്ചതുപോലെ ഓരോ ആണ്ടിലും പൊതുമരാമത്തു വകുപ്പിലേക്കു അനുവദിക്കുന്ന പണം മുഴുവനും അതാതാണ്ടിൽ ചെലവാക്കണമെന്നുള്ള ഈ സഭയുടെ ആഗ്രഹത്തെ പ്രത്യക്ഷപ്പെടുത്തുകയെന്നുള്ളതു മാത്രമാണെന്നാണു ഞാൻ വിചാരിക്കുന്നതു്. ഈ ഡിപ്പാർട്ടുമെൻറിലേക്കു അനുവദിക്കുന്ന പണത്തിൽ ഒരു വലിയഭാഗം ആണ്ടവസാനത്തിൽ ഗവൺമെൻറിനു തിരികെ കൊടുക്കുക എന്നൊരു സമ്പ്രദായം എല്ലാ കൊല്ലവും നടന്നുവരുന്നുണ്ട്. ആ പതിവിനെ ഇല്ലാതെയാക്കുന്നതിനും ഓരോ താലൂക്കിനും അനുവദിച്ചിട്ടുള്ള സംഖ്യ അതാതു താലൂക്കിൽ തന്നെ ചിലവാക്കുന്നതിനുമാണു പൊതുമരാമത്തു അഡ്വൈസറി കമ്മിററിയെ നിയമിച്ചതു്. ഈ അഡ്വൈസറി കമ്മിററിക്കു വലിയ അധികാരമൊന്നുമില്ലെന്നു, അതിലെ ഒരു അംഗമായ മി. നാരാ

യണക്കരുപ്പ് ഇവിടെ പ്രസ്താവിച്ചു. എങ്കിലും അധികാരം ഒട്ടുമില്ലെന്നു പറയുന്നില്ല. എന്നാൽ, ആണ്ടുതോറും ലാപ്സായിപ്പോകുന്ന തുക ഗവണ്മെൻറിലേക്ക് മുതൽ കൂട്ടുന്നതിൻെറ കാരണം, അതാതു സ്ഥലങ്ങളിലേക്ക് അനുവദിച്ചിട്ടുള്ള തുക, അതാതു സമയത്തു, വേണ്ടതരത്തിൽ വിനിയോഗിക്കാൻ ഡിപ്പാർട്ടുമെൻറുകാർ കാണിക്കുന്ന അശ്രദ്ധയുടെ ഫലമായിട്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണെന്നു ഞാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനോട് ചോദിച്ചുകൊള്ളുന്നു. ആണ്ടിൽ കുറഞ്ഞതു മൂന്നു തവണയെങ്കിലും കൂടുന്ന യോഗങ്ങളിൽ, എത്രത്തോളം ജോലി തീർന്നിട്ടുണ്ട്, എത്രത്തോളം ഇനിയും തീരാനുണ്ട്, അതിന് എന്തുകാലതാമസം വേണ്ടിവരും, എന്നും മററുമുള്ള ഒരു വിശദീകരണം ബോർഡിൽ, ചീഫ് എൻജിനീയരെക്കൊണ്ട് സമർപ്പിച്ചിരുന്നുവെങ്കിൽ, നിശ്ചയമായും, ഇങ്ങനെ ആണ്ടുതോറും ഒരു വൻതുക ലാപ്സാകാതെ ഇരിക്കുമായിരുന്നു എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഈ അഡ്വൈസറി ബോർഡുകാർതന്നെ ഇതിലേക്ക് ഒരു procedure എടുക്കണമെന്നാണ എൻെറ അഭിപ്രായം. ജോലികൾ മുൻപോട്ടു പോകാതിരിക്കത്തക്കവണ്ണം ലാൻഡ് റവന്യൂഡിപ്പാർട്ടുമെൻറുകാരും ഇതിൽ അശ്രദ്ധ കാണിക്കുന്നുണ്ട്. കൂടാതെ ഈമാതിരിയുള്ള ജോലിയുടെ നടത്തിപ്പിനുതന്നെയാണെങ്കിലും ചില അവസരങ്ങളിൽ കാലതാമസവും നേരിടുന്നുണ്ട്. അതായതു, ജോലി വേഗം തുടങ്ങണമെന്ന് വിചാരിച്ച്, ടെൻഡർ നേരത്തെവിളിച്ചു എന്നു വരാം. പക്ഷേ, അതിനുള്ള sanction -നുവേണ്ടി കുറെ താമസം നേരിടും. ഇതിനും പുറമെ, കാലാവസ്ഥ ഈമാതിരി ജോലികളെ ബാധിക്കാതിരിക്കയില്ല. പാലങ്ങളെ സംബന്ധിച്ചാണെങ്കിൽ, അതിനു സിമെൻറു അയൻറോഡ് ധാരാളം ആവശ്യമുള്ളതാണ്. അതുകൂടാതെ എസ്റ്റിമേററുപ്രകാരം ജോലിതുടരാൻ നിവൃത്തിയില്ല. ഈ യുദ്ധകാലത്ത് ഇവയൊന്നും കിട്ടുന്നതുതന്നെ സുസാദ്ധ്യമല്ല. ഇരുമ്പു സാമാനങ്ങളും മററും ഉപയോഗിക്കാതെ പാലംപണി തീർക്കണമെങ്കിൽ കല്ലും കുമ്മായവും കൊണ്ടേ സാധിക്കയുള്ളു.

MR. M. R. NARAYANA PILLAI: കോഴഞ്ചേരി പാലത്തിൻെറ സ്ഥിതി അങ്ങിനെയാണോ?

MR. P. S. MUHAMED: ഇരുമ്പ് സാമാനങ്ങൾ കിട്ടുകയില്ലെങ്കിൽ, അതും ഇങ്ങിനെതന്നെ വേണം തീർക്കാൻ. ആയതിനാൽ, പൊതുജനങ്ങൾക്ക് ഏററവും ഉപകാരപ്രദമായ പാലമൊ, റോഡൊ, തോടോ-പണികൾ പെട്ടെന്നു ചെയ്യുകയും, അല്ലാത്തതു തുടങ്ങാതിരിക്കയും ചെയ്യാൽ കൊള്ളാ

[Mr. P. S. Muhamed.]

മെന്നാണ് എന്റെ അപേക്ഷ. പൊതുജനനന്മയ്ക്കായി, ഗവണ്മെന്റിൽനിന്നും, ചെലവഴിക്കാൻ അനുവദിച്ച പണത്തിനെ ചെലവാക്കാതെ, ഈ ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാർ, ലാപ്സാക്കിക്കളയുന്നതു്, ഗവണ്മെന്റിന്റെ പ്രീതി സമ്പാദിക്കാൻ തന്നെയാണ്. അതുകൊണ്ട്, എനിക്കു ബഹുമാനപ്പെട്ട ഗവണ്മെന്റിനോടു് പറയാനുള്ളതെന്തെന്നാൽ, മേലാലെങ്കിലും, തുകകൾ ഇങ്ങിനെ ലാപ്സാക്കാതെ അതാതു ജോലികൾക്കുള്ള പണം അതാതു സന്ദർഭങ്ങളിൽത്തന്നെ ചെലവാക്കുന്നതായിരിക്കുമെന്നുള്ള ധാരണ, ഓരോരുത്തരുടേയും ഹൃദയത്തിൽ പതിയത്തക്കവണ്ണം വേണ്ടതു പ്രവർത്തിക്കണമെന്നാണ്.

PRESIDENT : I think I must mention to this honourable House as many of the discussions proceed on the basis of their repugnance to the system of lapses, that Government have under consideration, especially in regard to Public Works Department Demands, a three year programme beginning from next year, instead of an year's programme so that whatever is not spent in one year may be carried forward to the next year. This will be put in force from next year.

MR. K. P. KOCHUKORA THARAKAN : സർ, ഡി. പി. ഡബ്ലിയു ഡിപ്പാർട്ടുമെന്റിൽ സാരമായ സംഖ്യ ലാപ്സായിപ്പോകുന്നതായിട്ടുള്ള പരാതി വളരെ നാളായി തുടർന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. ഇങ്ങനെ ലാപ്സാകുന്ന സംഖ്യകൾ അതതു വേലയ്ക്കായി മാത്രം തന്നെ സിംകിങ് ഫണ്ടുപോലെ തിരിച്ചു സൂക്ഷിക്കേണ്ടതും ഏതു വേലയ്ക്കായി ബഡ്ജറ്റിൽ പണം കൊള്ളിച്ചുവോ ആ പണം ആ വേലയ്ക്കായി ചെലവു ചെയ്യേണ്ടതും ആണ്ടവസാനത്തിൽ ലാപ്സാകുന്ന രീതി മാറേണ്ടതും അത്യാവശ്യമാണ്. മേലാൽ അനുവദിക്കുന്ന പണം അത്യാവശ്യം വേണ്ട കാര്യങ്ങൾക്കു് അതാതു കൊല്ലംതന്നെ ചെലവാക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഏകദേശം ൧൦ കൊല്ലത്തോളം മുറവിളികൂട്ടുന്നതിന്റെ ഫലമായി, ഒരു പാലമൊ, ഒരു റോഡോ ഉണ്ടാക്കുന്നതിനു പക്ഷെ, ഒരു ലക്ഷം രൂപ അനുവദിക്കുകയാണെങ്കിൽ, അതു സാധാരണയായി ൧൧ മാസം കഴിയുമ്പോൾ ലാപ്സായിപ്പോകുകയാണ് പതിവ്. ഇപ്രകാരം, അനുവദിച്ച തുകകൾ ലാപ്സാകുന്നതിനേക്കാൾ, ഇങ്ങനെ പണം ബഡ്ജറ്റിൽ കൊള്ളിക്കാതിരിക്കുകയാണ് നല്ലതു്. ഇങ്ങനെ പണം ലാപ്സാക്കുന്നകാര്യത്തിൽ, റവന്യൂഡിപ്പാർട്ടുമെന്റും ഒരു പങ്കു് വഹിക്കുന്നുണ്ട്. എന്തെന്നാൽ, സ്ഥലം പൊന്നുംവിലയ്ക്കു എടുത്തുകൊടുക്കേണ്ടതു് റവന്യൂഡിപ്പാർട്ടുമെന്റുകാരുടെ ചുമതലയാണ്.

അവർ ഈ കാര്യത്തിൽ വളരെ അലസത കാണിക്കുന്നു. ജോലി തീരത്തതിനെപ്പററി ചീഫ് ഇൻജിനിയരോട്ട് ചോദിക്കുമ്പോഴം, ആവശ്യപ്പെട്ട സ്ഥലങ്ങൾ റവന്യൂഡിപ്പാർട്ടുമെൻറുകാർ പൊന്നുംവിലയ്ക്ക് എടുത്തു തരാത്തതുകൊണ്ടാണ് എന്നു പറയുന്നു. അതുകൊണ്ട് എനിക്കു പറയാനുള്ളത്, പൊന്നുംവിലയ്ക്ക് സ്ഥലം എടുക്കുന്നതിനുള്ള അധികാരം ചീഫ് ഇൻജിനീയർക്ക് കൊടുത്ത്, റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും അതിനു ആവശ്യമുള്ളതും പരിചയമുള്ളതും ആയ ഒരു സ്റ്റാഫും അനുവദിച്ചുകൊടുക്കണമെന്നാണ്. അപ്രകാരം ഒരു അധികാരം ചീഫ് ഇൻജിനീയർക്കു കൊടുത്താൽ സ്ഥലം കിട്ടിയില്ലെന്നുള്ള പരാതി അവസാനിപ്പിക്കാവുന്നതും കാര്യനടപ്പിനു പക്ഷെ കുറെ കൂടെ നടപ്പുണ്ടാകാനും ഇടയുണ്ട്. കൂടാതെ റോഡുകൾ, തോടുകൾ, പാലങ്ങൾ മുതലായവയുടെ അററകുററപ്പണികളെപ്പററി ഒട്ടുംതന്നെ ഗൗനിക്കുന്നില്ല. രാജ്യത്തിൻെറ നാനാഭാഗത്തിലും ചീഫ് ഇൻജിനീയറന്മാർ ശരിയായി സഞ്ചരിച്ചിരുന്നുവെങ്കിൽ റോഡുകളുടെ ശോചനീയമായ നിലയെപ്പററി അവർക്കുതന്നെ മനസ്സിലാക്കാൻ കഴിയുമായിരുന്നു. പക്ഷെ, അവർ, വളരെ വിലകൂടിയ കാറുകളിൽ, അതിവേഗം സഞ്ചരിക്കുന്നതുകൊണ്ട്, ഇവയുടെ അററകുററങ്ങളെപ്പററി മനസ്സിലാക്കാൻ സാധിക്കയില്ല. സഞ്ചാരപ്പടി വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ ഇവിടെനിന്നും യാത്രതിരിച്ച്, നേരെ ആലുവായിൽ ചെന്ന് താമസിക്കുകയും അവിടെനിന്നും എറണാകുളംവഴി തിരിച്ചു വരികയുമാണ് ചെയ്യുന്നത്. മുൻകാലങ്ങളിൽ ഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാർ സഞ്ചാരം ചെയ്യുന്നത് കാളവണ്ടിയിലും കുതിരവണ്ടിയിലുമായിരുന്നു. ഒരു ദിവസം അവർ ൧൦-ഓ ൨൦-ഓ മൈലിൽ കൂടുതൽ സഞ്ചരിക്കയില്ല. ഇപ്രകാരം സഞ്ചാരം നടത്തുന്നതുകൊണ്ട്, അതാതു സ്ഥലങ്ങളിലെ കാര്യങ്ങൾ ഗ്രഹിക്കാനും, അവിടെയുള്ളവരുടെ സങ്കടങ്ങൾ നേരിട്ടു കേൾക്കാനും സാധിക്കുമായിരുന്നു. ഞാൻ കോട്ടയത്തു പഠിച്ചുകൊണ്ടിരുന്നപ്പോൾ തിരുവിതാംകൂറിലെ ഒരു ദിവാൻജി കുതിരവണ്ടിയിൽ അവിടെ വന്നതായും ടൗണിൽ അങ്ങുമിങ്ങും സഞ്ചരിച്ചതും ഇപ്പോഴും എൻെറ ഓർമ്മയിൽ വരുന്നു. പെട്രോൾ റേഷൻ വന്നതിൽ ഞാൻ സന്തോഷിക്കുന്നു. എന്തെന്നാൽ അതുകൊണ്ട് നാട്ടുകാർക്കെങ്കിലും ഒരുതരത്തിൽ ഗുണമാണുള്ളത്. ഗുണമാണുള്ളതു എന്നു ഞാൻ പറഞ്ഞതു അവർ അതിവേഗത്തിൽ കാറിൽ എങ്ങും "പോകാതിരിക്കുമല്ലൊ എന്നുള്ളതാണ്. ഇപ്പോഴത്തെ റേഷനിങ്ങ് കുറെക്കൂടെ ശക്തിയായാൽ ചീഫ് ഇൻജിനീയർ കുതിരവണ്ടിയിൽ ട്രാവൽചെയതു് റോഡുകളുടെ അററകുററം മനസിലാക്കുകയും ഇടയ്ക്കിടയ്ക്ക് താമസിച്ച് ജനങ്ങളെക്കണ്ട് ആവ

[Mr. K. P. Kochukoru Thankan.]

ത്തെ ആവശ്യം മനസ്സിലാക്കി പ്രവർത്തിക്കുമല്ലോ എന്നു വിചാരിച്ചാണ്. എനിക്കു വീണ്ടും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു് അത്യാവശ്യം പ്രമാണിച്ചു് പള്ളിയും മഠവും കെട്ടിക്കുന്ന വകയ്ക്കു അപേക്ഷിച്ചാൽ അതു് അധികം താമസിപ്പിക്കാതെ, അതായതു ൯൦ ദിവസത്തിനകം അതിനുള്ള അനുവാദം കൊടുത്തില്ലെങ്കിൽ അനുവദിച്ചതായി വിചാരിച്ചു പണിയിക്കാവുന്നതു പോലെ റയറ്റ് റോഡുകളെ സംബന്ധിച്ചു അപേക്ഷകിട്ടിയാൽ പരാതിയുള്ള പക്ഷം ൯൦ ദിവസത്തിനകം ബോധിപ്പിക്കണമെന്നു് കാണിച്ചു് ആ വിവരം ഗവണ്മെന്റു് ഗസറ്റിൽ പരസ്യം ചെയ്യുകയും പരാതി കിട്ടാത്തപക്ഷം റോഡ് ഗവണ്മെന്റു് ഏറെറടുക്കുകയും ചെയ്യേണ്ടതാണ്. ദിവാൻ വി. എസ്സ്. സുബ്രഹ്മണ്യയ്യരുടെ കാലത്തു് കുന്നത്തുനാട്ടു താലൂക്കിൽ തിരുവാണിയൂർ കറുന്നിറോഡു് ഇപ്രകാരം എടുത്തതായിട്ടാണ് എന്റെ അറിവു്. കൂടാതെ റോഡു വെട്ടുന്നകാര്യത്തിലാണെങ്കിൽ, ആലുവാ ആശ്രമം സംസ്കൃത സ്കൂളിനടുത്തു് കിഴക്കുവശത്തുകൂടെ ഒരു റോഡു വെട്ടണമെന്നുള്ള അനേകനാളത്തെ പരാതിയുടെ ഫലമായിട്ടു് അതു അനുവദിക്കുകയും റെയിൽവേ അതിർത്തിയിൽനിന്നും ഏതാനും സ്ഥലം പൊന്നുംവിലയ്ക്കു് എടുക്കുന്നതിനു റോഡിന്റെ അപേക്ഷകന്മാരെക്കൊണ്ടു് പൊന്നുംവിലയ്ക്കുള്ള പണം കെട്ടിവയ്പിക്കുകയും ചെയ്തു; എന്നാൽ ഇതേവരെ റോഡു് വെട്ടിത്തീർന്നിട്ടില്ലെന്നുമാത്രമല്ല അതിന്റെ നടപടികൾ യാതൊന്നുമായിട്ടുമില്ല. ഇങ്ങനെ അനുവദിച്ചിട്ടുള്ള ജോലികൾ അതാതുകാലത്തു് ചെയ്തു തീർക്കാത്തതിനെ പററി വിമർശിക്കുവാനാണ് ചീഫ് ഇൻജിനീയരുടെ യാത്ര ചിലവിനു ഒരു രൂപാ കുറയ്ക്കുന്നതിനുള്ള കട്ട് മോഷൻ ഇവിടെ ഹാജരാക്കിയിരിക്കുന്നതു്. ഇനിയും എം. സി. റോഡിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ൧൪൪-നും ൧൪൫-ഉം ഇടയ്ക്കുള്ള എംബാങ്കുമെന്റും പാലവും ഒരു മഴ പെയ്താൽ വെള്ളത്തിനടിയിലാകുമെന്നുള്ള നിലയിലാണിരിക്കുന്നതു്. ആ റോഡു് കുറെക്കൂടി പൊക്കണമെന്നു് അപേക്ഷിച്ചിട്ടുണ്ടായിരുന്നിട്ടും അതു സംബന്ധിച്ചു് യാതൊന്നും ഇതുവരെ ചെയ്തുകാണുന്നില്ല. ആലുവായിൽനിന്നും പറവൂർക്കുള്ള റോഡിൽ തിരുവിതാംകൂറിലെ ഏററവും നല്ല ഒരു പാലം പണിയിച്ചു തന്നതിൽ ഞങ്ങൾക്കുള്ള കൃതജ്ഞത ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ അതുപോലെ ആലുവാപ്പുഴയുടെ വടക്കേ കൈവഴിയിൽകൂടി ഒരു പാലമുണ്ടാക്കേണ്ടതു എത്രയും അത്യാവശ്യമാണ്. ഇതെല്ലാം ചീഫ് ഇൻജിനീയർ

കണ്ടിട്ടുള്ള കാര്യങ്ങളാണ്. അതു സംബന്ധിച്ച് യാതൊന്നും പ്രവർത്തിച്ചുകാണുന്നില്ല. ആലുവാ-പെരുമ്പാവൂർ, പെരുമ്പാവൂർ-കോതമംഗലം ഈ റോഡുകളിൽ ഗതാഗതം വളരെ കൂടുതലുള്ളവയാണ്. പ്രത്യേകിച്ചും ട്രാൻസ്പോർട്ട് ലോറികൾ വളരെ ഭാരവും വഹിച്ചുകൊണ്ട് അതിവേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്നതു ഈ റോഡിൽക്കൂടെയാണ്. ഉദ്യോഗസ്ഥന്മാരെല്ലാം ആലുവായിൽനിന്നും പെരുമ്പാവൂർക്കു പോകുന്നതു ആലുവായിൽനിന്നും പെരുമ്പാവൂർക്കുള്ള തെക്കൻ ശാഖാ റോഡിൽ കൂടെയാണ്. എന്നാൽ ബസ് സർവീസുകൾ വടക്കെ ശാഖയിൽക്കൂടെയാണ് പോകുന്നതു. ഈ ഉദ്യോഗസ്ഥന്മാർ വടക്കേ വഴിയിൽക്കൂടെ പോകുകയാണെങ്കിൽ അതിന്റെ ദയനീയസ്ഥിതി അവർക്കു മനസിലാകുമായിരുന്നു. പെരുമ്പാവൂർ-കോതമംഗലം റോഡിലാണെങ്കിൽ ദിവസേന കുറഞ്ഞത് പത്തും ഇരുപതും ലാറികൾവീതം അതുവഴി പോകുന്നുണ്ട്. അതുപോലെതന്നെയാണ് കോതമംഗലം-നേര്യമംഗലം റോഡിന്റെയും സ്ഥിതി. ആ റോഡിൽ കോതമംഗലത്തു ഒരു വലിയ വളവുണ്ട്. ആ സ്ഥലത്തു് പല അപകടങ്ങളും സംഭവിച്ചിട്ടുണ്ട്. ആ റോഡ് വീതി കൂട്ടി വളവു തീർക്കണമെന്ന് പല അപേക്ഷകളും കൊടുത്തിട്ടുണ്ട്. അതിലേക്കു ആവശ്യമുള്ള സ്ഥലത്തിന്റെ പൊന്നുംവില കൂടാതെ കൊടുക്കാമെന്നു സ്ഥലത്തിന്റെ ഉടമസ്ഥന്മാർ സമ്മതിച്ച് അപേക്ഷകൾ അധികാരികൾക്കു കൊടുത്തിട്ടുമുണ്ട്. അതിനെ സംബന്ധിച്ച് യാതൊരു നടപടിയും ഇതേവരെ ചെയ്തുകാണുന്നില്ല. ചീഫ് ഇൻജിനീയർ തന്നെ ആ സ്ഥലം വന്നുകണ്ടിട്ടുണ്ട്. എന്നിട്ടും വേണ്ടതു ചെയ്തിട്ടില്ല. ഇനിയും എനിക്കു പറയാനുള്ളതു്, ഇറിഗേഷൻ സംബന്ധിച്ചാണ്. ഇറിഗേഷൻ സംബന്ധിച്ച് നല്ല പരിജ്ഞാനമുള്ള ഇപ്പോഴത്തെ ചീഫ് ഇൻജിനീയർ പെരിയാറിലെ പല വെള്ളച്ചാട്ടങ്ങളും കണ്ടിട്ടുണ്ടെന്നാണ് എന്റെ അറിവു. ആയതിനാൽ ആ വെള്ളം ഉപയോഗിച്ച് കൃഷി വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ നടത്താൻ ഗവൺമെന്റു നിഷ്കർഷിക്കണം. അതു നടപ്പിൽ വരുത്തിയാൽ ചുരുങ്ങിയ ചെലവിൽ ഉദ്ദേശം ൫൦൦൦൦ ഏക്കർ സ്ഥലം നെൽകൃഷി നടത്താമെന്നു പല സാമാജികന്മാരും ഈ സഭയിൽ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഞാൻ ഉൾപ്പെട്ട താലൂക്കിൽ ചില റയററ റോഡുകൾ ഉണ്ട്. അതു ഗവൺമെന്റ് ഏറെറടുക്കണമെന്ന് പല അപേക്ഷകളും അയച്ചിട്ടുണ്ട്. എന്നാൽ അവകൾ ഇതുവരെ ഏറെറടുത്തിട്ടില്ല. അവകൾ വെട്ടി തീർത്തി

[Mr. K. P. Kochukora Tharakan.]

ട്ടു ഇപ്പോൾ ൩-ം ൪-ം കൊല്ലങ്ങളായി. ഗവൺമെന്റ് ആ റോഡുകൾ ഏറ്റെടുത്ത് നന്നാക്കിത്തരണമെന്നു എനിക്കു ഒരു അപേക്ഷകൂടെയുണ്ട്. അല്ലാതെ ൩൦൦-ം ൪൦൦-ം കുടികളിൽനിന്നും കാൽ സെന്റ്, അര സെന്റ്, വീതം ഗവൺമെന്റിനു തീറെഴുതിക്കൊടുത്താലെ സാധിക്കുകയുള്ളൂ എന്നു പറയുന്നത് ഒരിക്കലും ശരിയല്ല. അങ്ങിനെയുള്ള സ്ഥലങ്ങൾ ഗവൺമെന്റിലേയ്ക്കു വിട്ടുതരുന്നതിനു കുടികൾ തയ്യാറാണ്. അതിനു വിഷമം നേരിടാത്ത ഒരു പോംവഴി ഗവൺമെന്റ് ഉണ്ടാക്കണം. കുടികളോട്ട് പ്രവൃത്തികാർ സ്റ്റെയിററുമെന്റ് വാങ്ങി അയച്ചോ മററു വിധത്തിലോ സൗകര്യമായ മാർഗ്ഗങ്ങൾ ഉണ്ടാക്കി ഈ വക കാര്യങ്ങളിൽ ഗവൺമെന്റു വേണ്ടതുപോലെ ശ്രദ്ധിച്ച് പ്രവർത്തിക്കണമെന്നപേക്ഷിച്ചു കൊള്ളുന്നു.

MR. P. NARAYANA PILLAI: Sir, I also wish to support the motion. I wish to point out the indifference shown by the Department in neglecting some of the important works in my constituency. I would mention here two bridges that are proposed to be constructed, one at Prayikara on the Mavelikara-Tiruvalla road and the other at Kollakadavu. These are two important roads in central Travancore and thousands of people make use of these roads daily. There are also bus services on these roads. These bus services are stopped during certain seasons of the year especially during the monsoons. An estimate was prepared for the Prayikara bridge about 12 years ago and budget allotment was made in the consequent years. But nothing has been spent for the construction of the bridge. From 1104 to 1114 provisions were made in the budget. During 1105 and 1106 sanction was given for the construction of the bridge and sufficient funds were provided. But not a single pie was spent. Annually a sum of Rs. 1,000 is being spent for the improvement of the ferry and the approach roads. For the last so many years such an amount is being spent yearly. If the money on that account had been saved that would have been sufficient for the construction of a wooden bridge of the type suggested by Dr. Kamesam about a year ago.

For the bridge at Kollakadavu, out of the sum of Rs. 10,000 sanctioned, about Rs. 2,000 had been spent for preliminary work and investigation. The balance of Rs. 8,000 had been allowed to lapse.

I would also like to point out that the Department was not very prompt in doing certain other works. For the gravelling of Oachira-Vallikulam road even though Rs. 2,000 was sanctioned only Rs. 600 was spent. In regard to the Mavelikara-Kayamkulam road *via* Erazha and Perungala gravelling has been done excepting for two miles. And the amount allotted for gravelling the remaining portion of the road

has been allowed to lapse. This is the case with regard to the most important roads in the Kunnathur taluk. Such things should not be allowed to continue hereafter and the Government and the Department should be prompt in completing the works for which allotments are made in the Budget.

I would also like to mention here about one of the irrigation works in the Mavelikara taluk. A substantial sum was allotted last year for the widening of the Kochikal channel in Mavelikara. Tenders were invited only during the month of Medam or Idavam. This is the practice of the Department with regard to some of the irrigation works. When the fields are flooded with water tenders will be invited so that it may not be possible to do the work at that time and the amount will lapse. Such practices ought to be stopped. With these words, I support the motion.

MR. N RAMAKRISHNA PILLAI: Sir, I wish to speak on this motion with reference to the Vaikom taluk. I must admit that I have no reason to complain about the inactivity of the Department or the Government with regard to that taluk.

PRESIDENT: The honourable member will kindly raise his voice.

MR. N. RAMAKRISHNA PILLAI: We have to express our gratitude to Government for the new roads that were constructed last year. I would particularly refer to the construction of the Vechoor-Vaikom road, the Palamkadavu road and the road from Vaikom to Vazhamana. These roads were taken up as relief measures. In regard to one or two other roads construction had to be stopped on account of some trouble. But we made personal representations to Government and the Government were pleased to order the construction of these roads. We have therefore every reason to be thankful to Government for having completed the construction of these roads.

With regard to communications generally, there was a long-standing complaint that the attention of the Department is devoted more to Central and South Travancore and less to North Travancore. The centre of activity of the Department has to be shifted to the Northern taluks of the State. In regard to the coastal taluks, these have not been served properly with communications. However I may say that that situation has been considerably changed during the last ten or twelve years. The State has got about 5,000 miles of road now over and above water communication from one end of the country to the other.

In regard to the amount spent on these communications, I find that Rs. 18 lakhs had been spent in 1115.

MR. M. R. NARAYANA PILLAI: I rise to a point of order. We are now dealing with a motion that the Department is surrendering the allotments and not that it is spending the allotments.

PRESIDENT: There are modes of criticism which vary from person to person.

MR. N. RAMAKRISHNA PILLAI: I am submitting that there has been no surrender of funds in regard to my taluk.

MR. K. DOMINIC JOSEPH : May I know, what are the taluks which the honourable member is now referring to?

MR. N. RAMAKRISHNA PILLAI : I refer to the needs of the Vaikom taluk. I submit that so far as the means of communication are concerned the department has made several improvements during the last few years. On that score the department cannot be blamed. Apart from that I have to urge one or two matters. The Government have provided for a Road Development Fund and a system of ryots roads has also come into being. In fact people have been extending their co-operation in the matter of opening important roads in their respective places. If I refer to one or two roads it does not follow that I am finding fault with the P. W. D. In north Travancore particularly because certain taluks have not been properly served in the matter of communications it cannot be said that the fault is entirely due to the department. That is not a correct statement. As far as my taluk is concerned, considerable improvements have been made in respect of communications.

There are two important roads which have to be taken up and about which we made representations to Government some time back. I refer to the Kajramuttom road to Thalayolaparampu. The length of this road is only about 8 miles. It was recommended for construction by the P. W. D. Advisory Board. But I came to understand that the Government did not accord their sanction for the construction of this road. Knowing that, I wrote to Government saying that it is a very important one and has to be taken up next year. I got a reply to say that Government have accorded their administrative sanction for the construction of that road. I am thankful to Government for sanctioning the construction of this road next year. There is one other road about which we have been making repeated representations for a long time past. I refer to the Kumarakom-Vechoor road. Government have already spent large amounts on this road for some years and it has not yet been completed. Although the expenditure incurred on construction of this road is very heavy, Government undertook to complete it. Now, as a part of the road has been constructed at a very heavy cost, if the rest of the road is also taken up and finished, then the distance from Kottayam to Vaikom will be shortened by 6 or 7 miles. These are two important roads about which I hope that the department will pay their best attention.

MR. PADIYARA JOSEPH KUNJU: മെമ്പർ കോട്ടയം താലൂക്കിനേയും വൈക്കംതാലൂക്കിനേയും, പ്രതിനിധീകരിക്കുന്ന ആളല്ലേ? എന്നിട്ട് വൈക്കം താലൂക്കിനെപ്പറ്റി മാത്രമേ പറയുന്നുള്ളു എന്ന് പ്രസ്താവിച്ചതു എന്തു കൊണ്ടാണ്.

MR. N. RAMAKRISHNA PILLAI ഇപ്പോൾ അത്രയുമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

MR. PADIYARA JOSEPH KUNJU : കോട്ടയത്തെ ആവശ്യം കൂടി പ്രസ്താവിക്കാമെന്ന് പറയാൻ ധൈര്യമുണ്ടാകുമോ?

MR. N. RAMAKRISHNA PILLAI: There is another road by name Nirapara that connects Vaikom taluk with Cochin. The Nirapara-Kanjiramattam road is a very important one and if it is constructed there will be a gain of 6 or 7 miles from Kottayam to Cochin. The Cochin Government I understand has agreed to complete a road on their side up to their frontier and if this Government could complete a road on our side, it will be a very useful means of communication with Cochin. People from Kottayam can go in a far shorter time to Cochin by means of this road, as there will be a further advantage of avoiding two ferries on the way.

MR. M. R. NARAYANA PILLAI: May I know for what length of time is the bridge at Kumarakom lying at an incomplete stage?

MR. N. RAMAKRISHNA PILLAI: I do not know.

MR. VARKALA K. MADHAVAN: Sir, I also support the motion. I wish to draw the attention of Government to the urgent needs of the people living in coastal villages. I refer to Kadakavoor and three other villages adjacent to it. They are very thickly populated villages as could be seen from the Census Report of 1931. Drinking water is not available in these areas for a long time. On account of deficiency in drinking water, outbreak of epidemics are very common in these places. The Public Health Department has to incur very heavy expenses in getting rid of those epidemics. Some years ago the P. W. Department made an attempt to sink tube wells in some parts of these villages. But later on they gave up that attempt, for what reason I do not know. The Chief Engineer told me that tubes were not available during the war period. If so, I suggest a workable proposition. There is a well constructed by the railway authorities at Kadakavur station for the purpose of supplying drinking water in and around that place. I would appeal to Government that orders may be passed for the P.W.D. to imitate that example and provide one or two such wells in these villages to serve an urgent necessity.

MR. KANNANTHODATH JANARDANAN NAIR: Sir, I also support the motion. I am not here to shower encomiums on the Chief Engineer or to attribute any weakness or incapacity to him as has been done by some of the honourable members. I am not also going to enter into or weigh statements given by the honourable members Mr. Narayana Kurup or Mr. Padiyara Joseph Kunju. One of them said that the Chief Engineer belongs to Edathua and therefore needs of that place will be given super attention; Another remarked that Edathua being his native place will not be attended at all. I do not want to propose anything like that, nor do I propose to take up any valuable time of this honourable House by cataloguing the different needs of a locality. I want to bring to the notice of Government only one or two questions with regard to the policy of the department.

MR. PADIYARA JOSEPH KUNJU: ഇടത്വാറോഡ നിശ്ചയമായി അഭിവൃദ്ധിപ്പെടുമെന്ന ഞാൻ പ്രസ്താവിച്ചുവോ?

MR. KANNANTHODATHU JANARDANAN NAIR: അഭിവൃദ്ധിപ്പെടുമെന്ന പ്രസ്താവിച്ചതായിട്ടാണ് ഓർക്കുന്നത്. അതിൽ എത്രത്തോളം പരമാർത്ഥം ഉണ്ടെന്ന് പ്രസ്താവിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. Sir, year after year, complaints are raised that amounts allotted for works are allowed to lapse. The Chief Engineer brings in a budget for Rs. 40 or Rs. 50 lakhs for the construction of roads etc. for his department and this House invariably passes it into to. At the end of the year part of it will lapse. Lapsed amounts are again brought up before the House in the next year and the House passes that also. The only item which does not lapse is the item relating to the maintenance grant. The amounts under maintenance grants are spent by the P.W.D. during the last months of a year such as Edavom, Mithunam and Karkadagom, in some cases the expenditure incurred serves the purpose and in most other cases it serves only a part purpose or no purpose at all. In other words, only a pretension of repairs is carried out. This is the state of affairs every year about the expenditure connected with even the maintenance grant which is not allowed to lapse. Because of insistent complaints from this House, some three years ago, Government were pleased to sanction an Advisory Committee for the P. W. D. I do not forget that the very name 'advisory' shows the nature of the committee; I do not forget that no advisory committee is ever able to do other than what the department or Government wants them to do. No advisory committee can check any head of the department or Government from doing what they want to do. Sir, during this year, out of nearly Rs. 15 lakhs budgeted for the roads, I understand that only Rs. 50,000/ were placed at the disposal of the Committee for new works. I wonder how this Rs. 50,000/ can be spread out by this Committee for all the 30 taluks of the State. So much so, Sir, the Advisory Committee never can recommend the construction of any bridge, canal or road which is of all-Travancore importance as that presumably takes a large amount for construction and completion. In this connection, I have to refer to one or two bridges of all-Travancore importance that is left either unattended to for the past many years or not thought of at all. The bridge at Chavara is an instance in point. The vehicles that move along this bridge, especially buses have to unload and then pass through it. For the last 6 or 7 years that is the state of affairs. This has been brought to the notice of Government year after year by the respresentatives of the Legislature. The year before the last, I had the good fortune to be in the Advisory Committee when they allotted some amount for preliminary works in connection with the putting up of a new bridge. That amount has been spent. But nothing tangible has been done there till now. Both for last year and this year, no sum was allotted for that work. On looking into the budget for the next year also I do not see any amount having been provided for the construction of this important all-Travancore bridge. People going to Cochin have to pass along that dilapidated bridge which stands there as a disgrace to the P. W D. Another is

about the construction of the Kollakadavu bridge about which Mr. T. P. Velayudhan Pillai had always been enthusiastic. The benefit we derive from that bridge, if constructed will be immense. In this connection I remember that the late Mr. M. E. Watts, Dewan of Travancore, had said about this, and other bridges and roads *viz.* that all roads in Travancore should converge at Alleppey so that all trade which at present goes to Cochin will be diverted at Alleppey and pass through that port in future. Taking this as a piece of advice' to the P. W. D. for its future guidance I fail to understand how this Kollakadavu bridge which is also of an all-Travancore importance is neglected by the P. W.D. With the the construction of this bridge, people from Changanacherry, and Kottayam can take that short cut route to Alleppey. I urge upon the Government and the Department to attend to these needs of all-Travancore importance without any delay. Now, Sir, even when the Advisory Committee recommends for construction of a road or some other useful thing, I find that year after year some amount allotted for that purpose is allowed to lapse on the ground that the Revenue authorities have not handed over the necessary lands for the purpose or that the people have not aligned the roads according to the needs of the department. My friend Mr. Kochukora Tharakan was telling us how such roads have all been constructed at very great costs and difficulties. It is also after insistent representations those works are selected and given preference to by the Advisory Committee.

The position of ryots' road at present is hanging in the balance between the P. W. D. and the Revenue Department. So Sir, I would join gladly along with Mr. Kochukora Tharakan in his suggestion that Executive Engineers should in this matter, be bestowed with the powers of the Division Peishkars in taking hold of land when lands are offered to them. This I think will avoid the delay and the lapses. I hope the Chief Engineer will pay heed to all these. With these words I support the motion.

MR. P. SIVARAMA PILLAI: I may be permitted to offer a few words in this connection. I do not want to go into the details of the tragic story of the Palai bridge. Years before, the necessity for the construction of a bridge across the Meenachil River at Palai was brought to the attention of the Government and in 1103 Mr. M. E. Watts the then Dewan, was kind enough to sanction the construction of a bridge there. As Mr. Padiyara Joseph Kunju pointed out, the bridge was constructed half-way and during the floods of 1104 it was washed away and the remnants of the work still remain there. We thought that the Government would proceed with the work without much delay. A few months ago I found that whatever remnants, girders and beams remained were also taken away, it seems, for some other bridge. The extreme necessity for the bridge I do not wish to dilate upon, because I got an answer from the Chief Engineer about an year ago that an estimate of about Rs. 2 lakhs has been prepared. But I do not know what has become of the estimate and what further action has been taken for the construction of the bridge. I only want to draw the attention of Government to the extreme necessity for the bridge there

[Mr. P. Sivarama Pillai.]

at this juncture. If the Government could find funds, and if the Chief Engineer could find the time to go and inspect the place and get an idea of the large number of people who cross the river daily, I am perfectly sure that the Government will sanction the construction of the bridge immediately. With these few words I urge upon the Government the extreme necessity for the construction of a bridge at Palai.

MR. I. C. CHACKO: Sir, from the observations made by many of the honourable members on this motion, I find that there is some misconception about the surrender of grants, both about the amounts surrendered and the causes that led to it. I shall first deal with the amounts involved.

One member suggested the other day that about Rs. 25 lakhs has been or is likely to be surrendered. Another member put the figure at about Rs. 20 lakhs. I shall take the amount of grant and expenditure for 1116. The administration report of the department for 1116 gives the grant as Rs. 4,882,361 and the expenditure as Rs. 40,41,525, the unspent balance being Rs. 8,40,836. Analysing this figure, it will be seen that the major portion of the amount surrendered is under Capital Expenditure—not charged to Revenue. For Military works there was a grant of Rs. 2 lakhs. The usual practice is to make a lump sum allotment and at the beginning of the year a Committee consisting of the Financial Secretary, the Commandant and the Chief Engineer, selects the programme of works of the year. It so happened that in 1116 it was not necessary to proceed with the programme previously arranged, because two battalions' have been sent out of the State for service elsewhere. Only works of real necessity were undertaken costing about Rs. 1,12,000. So the unspent balance is Rs. 88,000. Similarly for the University works, in the course of the year it was decided that the cost of the works carried out for the University, should be met out of the University Funds and therefore there was no necessity for any expenditure to be incurred out of the funds of the P. W. Department, although there was an allotment of Rs. 1 lakh. This accounts for the surrender of Rs. 1,09,000. Under Road Development Funds there was an unspent balance of Rs. 71,000. This is due to the fact that the Contractor, originally selected for the Kozhencherry bridge work failed on account of the increase in prices of iron and cement and other materials. Fresh arrangements had to be made. But this amount does not lapse; it is added on to the Road Development Funds for the next year. Similarly owing to unavoidable reasons there have been surrenders, under the concreting M. S. Road, the Council Chamber and the Tobacco Bank Shalls at Trivandrum. All these account for over Rs. 4 lakhs. Again there was an unspent balance of Rs. 24,000 under tools and plants owing to the difficulty of getting foreign materials. There was a saving of Rs. 58,000 under Establishment owing to reduction under Travelling allowance and curtailment of staff to the minimum. You will thus agree with me that no serious objection could be raised for surrenders under these items. Excluding Capital Expenditure it could be seen from the Administration Report that the surrenders on ordinary Public Works was only about Rs. 2 lakhs.

MR. KOTTALIL P. ABRAHAM : What is the amount ordinarily allowed for new works every year?

MR. I. C. CHACKO : The allotment for both incomplete and new works together comes to about Rs. 5 1/2 lakhs. Half the unspent amount is under irrigation. The surrenders are on a few big works like the Thottapally Spill way. Although there was provision in the Budget, it is not yet decided whether to take it up at this juncture or not. In the first place, the Land Compensation charges have gone very high now; and then there is the difficulty of getting foreign materials such as cement and iron. It is a very costly work and if it is taken up now it would surely cost double the original estimated amount.

MR. M. R. NARAYANA PILLAI : May I know who included that provision when the matter was not finally decided?

MR. I. C. CHACKO : It was provided for during the last three years, because there was an original sanctioned estimate for about Rs. 3·5 lakhs and actually a large quantity of ascu-treated timber materials were collected and they were in stock. Recently they have all been disposed off at the book value. Therefore it became necessary to make provision in the Budget.

MR. K. P. KOCHUKORA THARAKAN : സിമന്റ് ഇൻഡ്യയിൽത്തന്നെ ഉണ്ടാക്കുന്നല്ലോ?

MR. I. C. CHACKO : Even that, we cannot get according to our requirements now.

(At this stage the President took the chair.)

MR. PADIYARA JOSEPH KUNJU: മീനച്ചൽ ആററിൽ പാലം കെട്ടുന്നതിലേക്ക് ഈ ആണ്ടത്തെ ബഡ്ജററിൽ പ്രൊവിഷൻ ഉണ്ടായിരുന്നു. അതിൽ വല്ലതും ചെലവായിട്ടുണ്ടോ?

MR. I. C. CHACKO : There was a provision of Rs. 500.

MR. PADIYARA JOSEPH KUNJU: എന്തുകൊണ്ടാണ് ചെലവാകാതിരുന്നതു?

MR. I. C. CHACKO : Because there is absolutely no chance of taking up that work in the near future.

MR. PADIYARA JOSEPH KUNJU: അങ്ങനെയാണെങ്കിൽ ഈ ൫൦൦ രൂപാ എന്തിനാണ് ബഡ്ജററിൽ ഉൾപ്പെടുത്തിയതു്?

MR. I. C. CHACKO : Because we expected that we would be able to get some foreign materials and there was a reasonable chance of making a start.

MR. P. SIVARAMA PILLAI : What was the chance?

MR. I. C. CHACKO : That was for the purpose of doing some preliminary work.

MR. PADIYARA JOSEPH KUNJU: ഈ ൫൦൦ രൂപാ ആദ്യമേതന്നെ പാലം കെട്ടുന്നതിനുള്ള അസൗകര്യം കണ്ടുകൊണ്ടല്ലേ അനുവദിച്ചതു്?

MR. I. C. CHACKO: We have already prepared an estimate and we want to take some more borings there.

MR. PADIYARA JOSEPH KUNJU: അതായതു് ചീഫ് എൻജിനീയരും മററും കൂടിയിരുന്നു് ബോർ ചെയ്താൽ മതിയല്ലോ? അല്ലാതെ ഇൻസട്രുമെൻറും മററും വരുത്തേണ്ട ആവശ്യമില്ലല്ലോ?

MR. I. C. CHACKO: Borings are taken by a proper boring instrument and not as the member suggests.

Even the unspent balance under Irrigation works does not lapse because we have got an Irrigation Fund and there is already about Rs. 8 lakhs under that head.

With regard to surrender under ordinary public works one of the reasons is that there are tender reductions. The tenders are invited for works. Contractors come and take up the work for 15, 20, 25 per cent less than the estimated rates. Therefore that accounts for nearly half a lakh of rupees under tender savings.

The allotment for works under communications for that year was Rs. 5·12 lakhs. Adding to that the amount we provided for Relief Works at Shertallai, namely Rs. 2·5 lakhs solely for communication purposes the grant for that year was Rs. 7·6 lakhs, and the expenditure Rs. 6·5 lakhs. The lapsed amount is, as could be seen from the Administration Report, only about 11·4 per cent. With the formation of the P. W. D. Advisory Board the policy of the Department has undergone a slight change. Before the formation of this Advisory Board works were selected by the Chief Engineer on the recommendation of the local officers only if the estimates were sanctioned by Government. When the Advisory Board came into existence they thought that it was necessary to distribute the amount available for new works on a taluk-war basis. If works are selected according as they are sanctioned by Government, this taluk-war proportion cannot be maintained. Therefore the Advisory Board tours round the country every year and selects works to the extent of the amount available for each taluk and sends in its recommendations.

MR. K. KUNJU PANICKER: അഡ്വൈസറിബോർഡിൻെറ സഹായത്തോടുകൂടി ഉള്ള ഡിപ്പാർട്ടുമെൻറു പ്രവർത്തനം അതിനുമുമ്പുള്ള പ്രവർത്തനത്തെക്കാറം കാര്യക്ഷമത കൂടിയതാണെന്നുള്ള അഭിപ്രായം ആണോ മെമ്പർക്കുള്ളതു്?

MR. I. C. CHACKO. കാര്യക്ഷമതക്കു് അപ്പോഴും ഇപ്പോഴും ഒരു കുറവുമില്ല.

MR. PADIYARA JOSEPH KUNJU: അഡ്വൈസറിബോർഡിനുവേണ്ടി ഈ ആണ്ടിൽ എത്ര രൂപ ചെലവാക്കി എന്നു പറയുമോ?

MR. I. C. CHACKO: ൫ ൨ ൦ ൦ രൂപാ.

MR. PADIYARA JOSEPH KUNJU: എത്ര രൂപയ്ക്കുള്ള പണി അവർ ശിപാർശചെയ്തിട്ടുണ്ടെന്നും, അതിൽ എത്രരൂപ അനുവദിച്ചിട്ടുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ? ബോർഡുമെമ്പറന്മാർക്ക് കൊടുത്തിട്ടുള്ള അലവൻസിനു വേണ്ടിയെങ്കിലും അനുവദിച്ചിട്ടുണ്ടോ?

MR. I. C. CHACKO: In the year 1116, they recommended 266 items of works, and in 1117, 223 items of works, making in all 489 items of works. Out of all these 393 works have been either completed or are in progress at this time. The balance of 96 works have not been started on actual investigation some of these works were found to be too costly and therefore the work had to be postponed to a future date. In some cases investigations are now going on.

MR. M. R. NARAYANA PILLAI: May I know whether the postponement was made in consultation with the Advisory Board or at the discretion of the Chief Engineer?

